# ഫിയാത്ത്

Let it be done

MARCH 2020



**തുറക്കപ്പെടുന്ന അവസരങ്ങൾ..**

**നാലാമത് അന്തർദേശീയ**

**ജിജിഎം മിഷൻ കോൺഗ്രസ്**

A FIATMISSION PUBLICATION


രോഗികളുടെ ആരോഗ്യമേ,
ഞങ്ങൾക്കു വേണ്ടി
അപേക്ഷിക്കണമേ..

**Biblia**
Bible Production & Distribution Ministry

**Scriptura**
Bible Writing Competitions

**Papyrus**
Used Paper to Bible Paper

**GGM**
**Mission Congress**
National Mission Gathering

**Intercession**
Ministry

**Cenacle**
Cell Groups Praying for Mission

**Discipleship**
Training Ministry

**Retreat**
Ministry

**Media**
Fiat magazine & Visual Media Ministry

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ." *(മർക്കോസ് 16:15)*

## ഫിയാത്ത് മിഷൻ

ലോകസുവിശേഷവത്കരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കത്തോലിക്കാസഭയിലെ ഒരു അത്മായ മുന്നേറ്റം

ബൈബിൾ നിർമ്മാണ വിതരണ ശുശ്രൂഷ

ബൈബിൾ പകർത്തിയെഴുത്തു മത്സരങ്ങൾ

ബൈബിൾ പേപ്പർ സമാഹരണപദ്ധതി

ജിജിഎം മിഷൻ കോൺഗ്രസ്സ്

മധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷ

മിഷനുവേണ്ടി പ്രാർത്ഥിക്കുന്ന സെൽ ഗ്രൂപ്പുകൾ

ശിഷ്യത്വ പരിശീലന ശുശ്രൂഷകൾ

ധ്യാന പരിപാടികൾ

മാസിക, വിഷ്വൽ മീഡിയ



ഫിയാത്ത്മിഷന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ **വി. വിൻസെന്റ് ഡി പോൾ,** ഫിയാത്ത്മിഷനു വേണ്ടി പ്രാർത്ഥിക്കണമേ..




**FiatMission**
HIS VISION, OUR MISSION

FIATMISSION, C-24/B,
2nd Floor, Pancheelvihar, New Delhi -17, 9961550000
website: fiatmission.org, email: fiatxtn@gmail.com

ലക്കം 1 | പുസ്തകം 13 | മാർച്ച് 2020



*Patrons*
**Bp. Mar Bosco Puthur,** Melbourne Diocese, Australia
**Bp. Chacko Thottumarikkal SVD,** Indore Diocese
**Bp. Jacob Mar Barnabas,** Gurgaon Diocese

*Spiritual Director*
**Rev.Fr.Joseph Anthikkatt**

*Chief Editor* :
**Santhosh K.P.**

*Sub Editor:*
**Paul Edakkalathur**

*Advisory Board*
**Baby John Kalayanthani**
**Sr. Grace Thomas CMC**
**Antony K.P.**

*General Manager:*
**Pauly Thomas**

*Circulation Manager:*
**Ittiachan M.J.**


---

കേരളസഭയിൽ മിഷൻ അവബോധം വളർത്തുന്നതിനായി പ്രസിദ്ധീകരിക്കപ്പെടുന്ന ഫിയാത്ത് മാസിക, കഴിഞ്ഞ 12 വർഷങ്ങളായി തീർത്തും സൗജന്യമായാണ് വിതരണം ചെയ്തു വരുന്നത്. ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ നടത്തുന്ന ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷകളെല്ലാം വിശ്വാസികളുടെ സഹകരണം കൊണ്ട് മാത്രമാണ് സാധ്യമാകുന്നത്.

# കൊറോണയ്ക്കും പ്രതിവിധിയുണ്ട്

**ചൊ**വ്വാഗ്രഹത്തിന്റെ ഉപരിതലത്തിൽ ബഹിരാകാശ ഉപകരണമെത്തിച്ച് പരീക്ഷണങ്ങൾ നടത്താനും, ലോകം മുഴുവൻ വിരൽത്തുമ്പിലെത്തിക്കാനും കഴിവു നേടിയ മനുഷ്യൻ, നഗ്നനേത്രങ്ങൾ കൊണ്ട് കാണാനാകാത്ത ഒരു വൈറസ് ബാധയ്ക്കുമുമ്പിൽ വിറങ്ങലിച്ചു നിൽക്കുന്ന കാഴ്ചയാണ് ഏതാനും നാളുകളായി നാം കണ്ടുകൊണ്ടിരിക്കുന്നത്. ചൈനയിൽ പൊട്ടിപ്പുറപ്പെട്ട കൊറോണ വൈറസ് (കോവിഡ്-19) മൂലമുണ്ടാകുന്ന ഇതിനോടകം അന്റാർട്ടിക്ക ഒഴികെ എല്ലാ ഭൂഖണ്ഡങ്ങളിലും റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. പല രാജ്യങ്ങളിലെയും സ്ഥിതി ആശങ്കാജനകം. ആയിരക്കണക്കിനാളുകൾ മരിച്ചു. ലക്ഷത്തിനു മുകളിൽ വ്യക്തികൾ രോഗബാധിതരാണ്. മരണസംഖ്യ ഔദ്യോഗിക കണക്കുകളേക്കാൾ എത്രയോ ഇരട്ടിയാണെന്ന് ആശങ്കപ്പെടുന്നവരും കുറവല്ല.

രാജ്യാതിർത്തികൾ അടക്കപ്പെടുന്നു. സ്കൂളുകളും, കോളേജുകളും അനിശ്ചിതകാലത്തേക്ക് പൂട്ടിയിരിക്കുന്നു. നഗരങ്ങൾ വിജനമായിരിക്കുന്നു. ആരോഗ്യപ്രവർത്തകരും രോഗബാധിതരാവുകയും മരണത്തിനു കീഴ്പ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ സ്ഥിതി കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഇനി ആരിലാണ് ആശ്രയിക്കാനാകുക? ഇനി ആർക്കാണ് ഈ പ്രദേശങ്ങളിൽ പോയി ശുശ്രൂഷിക്കാനാകുക.

ഇത്തരത്തിലുള്ള മാറാവ്യാധികൾ പലരാജ്യങ്ങളെയും ഞെരുക്കിയ നാളുകളിൽ അശരണർക്കും ആലംബമില്ലാത്തവർക്കും വേണ്ടി സ്വന്തജീവനുപോലും വിലകൽപിക്കാതെ അവരിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് ജീവകാരുണ്യപ്രവൃ

ത്തികൾ ചെയ്ത മിഷണറിമാരെ നമുക്ക് ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കിയാൽ കണ്ടെത്താനാകും.

രോഗികളുടെയും ആശുപത്രികളുടെയും, ആരോഗ്യപ്രവർത്തകരുടെയും മധ്യസ്ഥനായ വിശുദ്ധ കമില്ലസ് മാറാരോഗികളെ ശുശ്രൂഷിക്കാനായി ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു. അദ്ദേഹവും കൂട്ടാളികളും മാറാരോഗികൾക്കുള്ള ആശുപത്രിയിൽ ശുശ്രൂഷ ചെയ്യുമ്പോൾ തോളിൽ ഒരു ചുവന്ന കുരിശ് ധരിക്കാറുണ്ടായിരുന്നു. അതാണ് ഇന്നത്തെ റെഡ്ക്രോസ് പ്രസ്ഥാനത്തിന് പ്രചോദനമായത്. നഴ്സിംഗ് ബ്രദേഴ്സിന്റെ ഒരു സഭ അദ്ദേഹം സ്ഥാപിച്ചു. പ്ലേഗ് എന്ന പകർച്ചവ്യാധി പിടിപെട്ടവരുടെ വീടുകളിൽ ചെന്ന് പോലും അദ്ദേഹം ശുശ്രൂഷിച്ചിരുന്നു. ആരും അടുക്കാൻ മടിക്കുന്ന മാരകരോഗികളെ ശുശ്രൂഷിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ രീതി. അദ്ദേഹം സ്ഥാപിച്ച 'കമിലിയൻസ്' സഭാസമൂഹം ആധുനികലോകത്തിലെ മാറാരോഗമായ എയ്ഡ്സ് രോഗികളുടെ ചികിത്സക്കായുള്ള അനേകഭവനങ്ങൾ നടത്തിവരുന്നു.

കുഷ്ഠരോഗം എന്ന് കേൾക്കുമ്പോഴേ നമ്മുടെ മനസ്സിലേയ്ക്ക് എത്തുന്ന പേരാണ് വി.ഡാമിയന്റേത് ഹവായി ദ്വീപിന്റെ വടക്കുഭാഗത്തുള്ള മൊളോക്കോ സെറ്റിൽമെന്റിലേയ്ക്ക് 'കൊണ്ടുപോയി തള്ളി'യിരുന്ന കുഷ്ഠരോഗികളുടെ ഇടയിലേയ്ക്ക് കടന്നുചെന്ന ഫാ. ഡാമിയൻ അവർക്ക് ഒരു ആത്മീയപിതാവു മാത്രമല്ല, വൃണങ്ങൾ കഴുകിയെടുക്കുന്ന നഴ്സും, കുടിലുകെട്ടികൊടുക്കുന്നവനും, ശവപ്പെട്ടിയുണ്ടാക്കുന്നവനും, ശവക്കുഴിയെടുക്കുന്നവനും എല്ലാമായിരുന്നു. ഒരു ദശാബ്ദകാലത്തെ ശുശ്രൂഷയ്ക്കുശേഷം കുഷ്ഠരോഗം പിടിപെട്ടെങ്കിലും മരണം വരെ തന്റെ സേവനം അദ്ദേഹം തുടർന്നു കൊണ്ടിരുന്നു.

ഇക്കഴിഞ്ഞ വർഷങ്ങളിൽ എബോള എന്ന മാരകരോഗം ആഫ്രിക്കയിൽ മരണം വിതയ്ക്കുകയും, മരിച്ചവരെ സംസ്കരിക്കാൻ പോലും ആരുമില്ലാതെ ശവശരീരങ്ങൾ വഴിയിൽ കിടക്കുകയും ചെയ്തപ്പോൾ അവിടെ കടന്നു ചെന്ന് ശുശ്രൂഷചെയ്തതും മറ്റാരുമായിരുന്നില്ല. 'സൊസൈറ്റി ഓഫ് ആഫ്രിക്കൻ മിഷൻസ്' (എസ്.എം.എ) എന്ന, ക്രിസ്തുവിനെ അറിഞ്ഞനുഭവിച്ച ഒരു സഭാ സമൂഹമായിരുന്നു.

ആധുനികലോകം പുരോഗതി കൈവരിച്ചപ്പോൾ, ക്രിസ്ത്യൻ മിഷണറിമാരിലൂടെ വളർച്ച നേടിയ വൈദ്യശാസ്ത്രം ഏവരിലുമെത്തിയപ്പോൾ ലോകം പതിയെ ക്രിസ്തുശിഷ്യരുടെ സേവനങ്ങൾ മറക്കാനും തരം കിട്ടുമ്പോഴൊക്കെ താറടിക്കാനും തുടങ്ങി. എങ്കിലും ലോകത്തെവിടെയും ഒരു വിപത്സന്ധി വന്നാൽ ജാതിയുടെയോ, മതത്തിന്റെയോ, രാഷ്ട്രത്തിന്റെയോ ഒരു അതിരുകളെയും, എന്നല്ല സ്വജീവനെപോലും കാര്യമാക്കാതെ ശുശ്രൂഷിക്കാൻ ക്രിസ്തു സ്നേഹത്താൽ പ്രചോദിതരായവർ മാത്രമാണുള്ളതെന്നത് ഇന്നും പ്രസക്തമായ വസ്തുതയാണ്.

ഈയൊരു ക്രിസ്തീയ ശൈലി പിഞ്ചെന്നാണ് ആരും കടന്നു ചെല്ലാൻ മടിക്കുന്ന പീഡന ഭൂമികകളിലേയ്ക്ക് പോകാൻ ഫിയാത്ത് മിഷൻ തയ്യാറാകുന്നത്. പ്രതിസന്ധിഘട്ടങ്ങളിലകപ്പെടുന്ന സ്ഥലങ്ങളിലെല്ലാം കടന്നു ചെന്ന് ആ ജനതയ്ക്ക് പ്രാർത്ഥനയുടെ പിൻബലമേകാൻ ഫിയാത്ത് മിഷൻ ശ്രമിക്കുന്നു. ഒറീസയിൽ തുടങ്ങി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്കു പുറത്ത് ഇറാക്ക്, സിറിയ, എത്യോപ്യ, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിലും ഇതേ ആത്മഭാരത്തോടെ പലായനഭൂമികളിലേയ്ക്ക് നമ്മെ കർത്താവ് നയിച്ചു.

കൊറോണ നിർവീര്യമാക്കാനുള്ള പ്രതിരോധമരുന്നുകൾ നിർമ്മിക്കപ്പെടാൻ ആരോഗ്യപ്രവർത്തകർക്ക് ജ്ഞാനം ലഭിക്കണമെങ്കിൽ, ആ വൈറസ് പ്രവർത്തനരഹിതമാകണമെങ്കിൽ നമ്മുടെ പ്രാർത്ഥനകൾ ശക്തമായി ഉയരണം. കൊറോണ ബാധിത മേഖലകളിലേയ്ക്ക് ക്രിസ്ത്യൻ മിഷണറിമാർ കടന്നു ചെല്ലാൻ രാഷ്ട്രീയാധികാരികൾ അനുവദിക്കണം. അതിനായി ക്രിസ്തുശിഷ്യർ തയ്യാറാകണം.

ലോകം പിന്തിരിഞ്ഞോടുന്നിടത്ത് കടന്നു ചെല്ലാൻ ധീരതയുള്ള ഒരു തീവ്രവാദിയും ഉണ്ടാകില്ല. അതിന് ക്രിസ്തുസ്നേഹാഗ്നി ഉള്ളിലെരിയുന്ന മിഷണറിമാർ മാത്രമേ കാണൂ എന്ന് ലോകം മനസ്സിലാക്കട്ടെ.



"Go into all the world and preach the Gospel to the whole creation." (Mark. 16:15)

Fiat Mission
His Vision, Our Mission
Ground Floor, Ave Maria Tower,
New Church Road, Thrissur- 1, Kerala,
99 61 55 00 00, fiatxtn@gmail.com

Esteemed presence of Vatican delegate-
(Pontifical Council for the Promotion of the New Evangelization)

4th
**GGM** (Great Gathering of Mission)
International
# MISSION CONGRESS

2020 April
24-26
Thrissur

ഫിയാത്ത് മിഷന്റെ യുറ്റ്യൂബ് ചാനൽ fiatmission - Subscribe ചെയ്യുക.

ഫേസ്ബുക്ക് പേജ് fiatmission - Like ചെയ്യുക. ഫിയാത്ത് മിഷന്റെ വീഡിയോകളും അനുദിന തിരുവചന ങ്ങളും ഫേസ്ബുക്കിൽ ലഭ്യമാകും.

അനുദിന തിരുവചനങ്ങളും, മറ്റ് വീഡിയോകളും വാട്സ്ആപ്പിൽ ലഭിക്കുവാൻ (വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുവാൻ) 9961550000-ൽ മെസേജ് ചെയ്യുക.

9961550000

fiatmission

ഫിയാത്ത് മാഗസിൻ സൗജന്യമായി ലഭിക്കുന്നതിന് വിലാസം അയച്ചുതരിക.
fiatxtn@gmail.com



4th GGM (Great Gathering of Mission)

International

MISSION CONGRESS

2020 April 24-26



**കർദിനാൾ**
**മാർ ജോർജ് ആലഞ്ചേരി**
**മേജർ ആർച്ച് ബിഷപ്പ്**
**സീറോ മലബാർ സഭ**

**യേശു**വിൽ പ്രിയമുള്ളവരെ,

നമ്മുടെ കർത്താവിന്റെ കൃപയും സമാധാനവും നിങ്ങൾക്കേവർക്കും സമൃദ്ധമായി ആശംസിക്കുന്നു.

ആഗോളകത്തോലിക്കാ തിരുസഭ ബാഹ്യവും ആന്തരികവുമായ അനേകം പ്രതിസന്ധികളെ നേരിട്ട് അവയെ തരണം ചെയ്ത് മുന്നേറിക്കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഫിയാത്ത് മിഷനെപ്പോലുള്ള അത്മായസംഘടനകൾ സഭയ്ക്ക് നൽകുന്ന പിന്തുണയും അത് ആഗോളസഭയിലുളവാക്കുന്ന ആനന്ദവും ചെറുതല്ല.

ബൈബിൾ നിർമാണ വിതരണ ശുശ്രൂഷ പോലെയുള്ള നൂതനമായ ശുശ്രൂഷകൾ വഴി മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ രൂപഭാവങ്ങൾ നൽകിയ ഫിയാത്ത് മിഷൻ 2017 മുതൽ ഗ്രേറ്റ് ഗാതറിങ് ഓഫ് മിഷൻ അഥവാ ജിജിഎം മിഷൻ കോൺഗ്രസ് എന്ന പേരിലുള്ള അന്തർദേശീയ മിഷൻ മഹാസംഗമങ്ങൾ വർഷംതോറും സംഘടിപ്പിച്ചു വരിക

# മിഷനെ വളർത്തുക നമ്മുടെ ദൗത്യം



യാണ്.


ലോകമെമ്പാടുമുള്ള മിഷൻ പ്രവർത്തനങ്ങളേയും മിഷനറിമാരേയും കേരളസഭാമക്കൾക്ക് പരിചയപ്പെടുത്തിക്കൊണ്ട്, മിഷൻപ്രവർത്തനങ്ങളെ പ്രാർത്ഥനയാലും മറ്റു രീതികളിലും സഹായിക്കുവാൻ അവരെ ബോധവത്കരിക്കുക എന്ന ഒരു ലക്ഷ്യത്തോടെയാണ് ഇത് സംഘടിപ്പിക്കുന്നത്.

നല്ല മിഷനറിമാർ സഭയ്ക്കുണ്ടാകണം എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ നടത്തപ്പെടുന്ന മിഷൻ ധ്യാനം, മിഷൻ മേഖലകളെ കേരളസഭയ്ക്കു പരിചയപ്പെടുത്തുന്ന മിഷൻ എക്സിബിഷൻ, വൈദികർ, സന്യസ്തർ, അത്മായർ എന്നിവർക്കായി നടത്തപ്പെട്ട സെമിനാറുകൾ എന്നിവയിൽ ആദ്യന്തം സംബന്ധിച്ചു കൊണ്ട് ആഗോളസഭയുടെ മിഷൻ ചൈതന്യം സ്വന്തമാക്കുവാൻ കേരളസഭയ്ക്ക് സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആഗ്രഹിക്കുകയും ആശംസിക്കുകയും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2017 ഒക്ടോബർ 9-ാം തീയതിയാണ് മാർപാപ്പ ഭാരതത്തിലെ മെത്രാന്മാർക്കെഴുതിയ ഐതിഹാസികമായ കത്തിൽ ഷംഷാബാദ് രൂപത സ്ഥാപിച്ചത്. അങ്ങനെ ഞാനുമൊരു മിഷനറിയായി. ഞാൻ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി ഒരു മിഷനറിയാവുക എന്നതായിരുന്നു. ഒരു മിഷനറി ആകാനുള്ള യാതൊരു പരിശീലനവും എനിക്കു ലഭിച്ചിട്ടില്ല എന്നുള്ളത് ആദ്യമേ പറയട്ടെ. മിതമായ അടിസ്ഥാന സൗകര്യവും, ആഡംബരമില്ലാത്ത ജീവിതവും, ജീവൻ നിലനിർത്താനുള്ള ഭക്ഷണവും മാത്രം കഴിച്ച് എന്നെപ്പോലെ മറ്റ് വൈദികരും, സന്യസ്തരും, അത്മായരുമെല്ലാം ലോകത്തിന്റെ പലഭാഗങ്ങളിലായി യേശുവിന് വേണ്ടി, നിരാലംബരായ മനുഷ്യർക്ക് വേണ്ടി കഷ്ടപ്പെടുന്നുണ്ട്. മനുഷ്യന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ മനപൂർവ്വം ഒഴിവാക്കി സുഖസൗകര്യങ്ങളുടെ ചുറ്റുപാടിൽ മിഷനെ തളച്ചിടാൻ നാം പലപ്പോഴും ശ്രമിക്കുന്നുണ്ട്. പുറത്തേക്കിറങ്ങാൻ നമുക്ക് ഭയമാണ്. നാട്ടിലാണ് സുഖം അല്ലേ!

കാലിത്തൊഴുത്തിൽ പിറന്ന്, കാൽവരിയിലെ കുരിശിൽ മരിച്ച ഈശോയാണ് മിഷനറിയാകാൻ നമുക്ക് പ്രചോദനമെന്ന വസ്തുത നാം മന:പൂർവ്വം മറന്നുകളയുന്നു.

വൈദികർക്കും, അത്മായർക്കും വേണ്ടത് സ്ഥാപനവത്കരണ ശുശ്രൂഷകളല്ല, മറിച്ച് വിശ്വാസത്തിന്റെ ദീപം കൊണ്ട് നടന്നാൽ കൈപൊള്ളുന്ന ഇടങ്ങളിലേക്കാണ് അവർ ഇറങ്ങിച്ചെല്ലേണ്ടതും, യേശുവിനെ പ്രഘോഷിക്കേണ്ടതും.



**മോസ്റ്റ് റവ. മാർ റാഫേൽ തട്ടിൽ**
ചെയർമാൻ,
ജിജിഎം ഇന്റർനാഷണൽ മിഷൻ കോൺഗ്രസ്-2020

ഓരോ മിഷനറിയേയും നയിക്കുന്ന നല്ല ദൈവത്തിന് ഒരായിരം നന്ദിയർപ്പിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ.

ജിജിഎം മിഷൻ കോൺഗ്രസിന്റെ 4-ാമത് സംഗമം 2020 ഏപ്രിൽ 24 മുതൽ 26 വരെ തൃശൂർ ക്രൈസ്റ്റ് നഗറിൽ അരങ്ങേറുകയാണ്. കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷത്തിലും മിഷൻ എക്സിബിഷൻ, ധ്യാനം, ഗാതറിംഗ്സ് എന്നിവ ഒരുക്കി ഫിയാത്ത് മിഷൻ നിങ്ങളെ കാത്തിരിക്കുകയാണ്. ഓരോ മിഷൻ മേഖലകളും നിങ്ങളെപ്പോലെ ഊർജസ്വലരായ ക്രൈസ്തവരെ പ്രതീക്ഷിച്ചിരിക്കുന്നു. മിഷനറിമാരെ കണ്ടുമുട്ടാനും, അവരുടെ അനുഭവങ്ങൾ കേൾക്കാനും, പ്രാർത്ഥിച്ച് ഒരുങ്ങാനും ഈ മിഷൻ കോൺഗ്രസ് സഹായകരമാകുമെന്നതിൽ സംശയമില്ല.

"ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അതു മുളയെടുക്കുന്നതു നിങ്ങൾ അറിയുന്നില്ലേ? ഞാൻ വിജനദേശത്ത് ഒരു പാതയും മരുഭൂമിയിൽ നദികളും ഉണ്ടാക്കും." (ഏശയ്യ 43:19)

ദൈവശുശ്രൂഷക്കായി നമ്മൾ ഇറങ്ങിപ്പുറപ്പെടുമ്പോൾ നമുക്ക് മുന്നിലെ എല്ലാ പാതകളിലും കൂട്ടായി കർത്താവ് ഉണ്ടാകും... നാം മുന്നോട്ടു വയ്ക്കുന്ന കാലടികളെ പതറാതെ നയിക്കാൻ ദൈവം കൂടെയുണ്ടെന്ന വിശ്വാസവും, ധൈര്യവുമാണ് ഓരോ മിഷനറിയേയും മുന്നോട്ട് നയിക്കുന്നത്.

മിഷനെ അറിയാനും, സ്നേഹിക്കാനും, വളർത്താനും ഉപകരിക്കുന്ന ഈയവസരം നഷ്ടപ്പെടുത്തരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. "സുവിശേഷം പങ്കു വെയ്ക്കുക" എന്ന ദൗത്യത്തെ മനസ്സാ വഹിച്ച് അതിന് വേണ്ടി യത്നിക്കുന്ന ഒരുപാട് ക്രിസ്തുശിഷ്യരുടെ ജീവിതാനുഭവങ്ങൾ നിങ്ങൾക്ക് പ്രചോദനമാകട്ടെ. ഞാനും നിങ്ങളും ഒരു മിഷനറിയാണ്... സഭയ്ക്കുവേണ്ടി ക്രിസ്തുവിനോട് ചേർന്ന് നമുക്ക് പ്രവർത്തിക്കാം.


4-ാമത് ജിജിഎം അന്തർദേശീയ മിഷൻ കോൺഗ്രസിന് എല്ലാ വിജയാശംസകളും പ്രാർത്ഥനാപൂർവ്വം നേർന്നുകൊണ്ട്

യേശുവിൽ, നിങ്ങളുടെ വത്സലപിതാവ്,
**മാർ റാഫേൽ തട്ടിൽ,**
ഷംഷാബാദ് രൂപത മെത്രാൻ.

# വാതിലിനപ്പുറമുള്ള ലോകം കാണാൻ, മിഷൻ കോൺഗ്രസുകൾ



# അന്തർദേശീയ മിഷൻ കോൺഗ്രസ് കേരളസഭയ്ക്ക് ഒരു ഉണർത്തു പാട്ട്



**മോസ്റ്റ് റവ. ജേക്കബ് മാർ ബാർണബാസ്**
വൈസ് ചെയർമാൻ,
ജിജിഎം മിഷൻ കോൺഗ്രസ്-2020

**ഭാ**രത സഭയിലും കേരള സഭയിലും ഉണ്ടായ പരിശുദ്ധാത്മാവിന്റെ പ്രത്യേക ഇടപെടലായി ഫിയാത്ത് മിഷന്റെ നാലാമത് അന്തർദേശീയ ജിജിഎം മിഷൻ കോൺഗ്രസിനെ ഞാൻ കാണുന്നു. സുവിശേഷം ഭാരതത്തിൽ എത്തിയിട്ട് 2000 വർഷങ്ങൾ കഴിയുന്നുവെങ്കിലും മൂന്നു ശതമാനം ആളുകളിലേക്കു മാത്രമേ സുവിശേഷം എത്തിയിട്ടുള്ളൂ. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ' എന്ന നാഥന്റെ കല്പന ഗൗരവമായി എടുക്കുന്നതിൽ ഭാരതത്തിലെ ക്രിസ്തുശിഷ്യർ പരാജയപ്പെട്ടു എന്നു പറഞ്ഞാൽ, അതിൽ അതിശയോക്തിയില്ല. വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെയും, ആരോഗ്യപരിപാലന കേന്ദ്രങ്ങളിലൂടെയും സുവിശേഷം എല്ലായിടത്തും എത്തിക്കും എന്ന് പറഞ്ഞതല്ലാതെ ഒന്നും നടന്നില്ല എന്നു മാത്രമല്ല, ഇതിനു നേർ വിപരീതമായി സുവിശേഷത്തിനായി വിളിക്കപ്പെട്ട വൈദികരും, സന്യസ്തരുമെല്ലാം 'അഡ്മിനിസ്ട്രേറ്റേഴ്സ്' ആയും, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ മാനേജർമാരായും തരംതാണു എന്നതാണ് യാഥാർത്ഥ്യം. ക്രമേണ സുവിശേഷപ്രഘോഷണത്തിൽ അധികമാർക്കും താല്പര്യം ഇല്ലാതെയായി.


ദാവീദിനെപ്പോലെ, സ്റ്റെഫാനോസിനെപ്പോലെ സ്വർഗ്ഗത്തിലേക്ക് ദൃഷ്ടികൾ പതിപ്പിക്കുന്നതിനുപകരം, എതിരാളികളുടെ ശക്തിയെ പ്രകീർത്തിക്കുകയും അത് തങ്ങളെ നശിപ്പിക്കാൻ വരുന്നു എന്ന് പറഞ്ഞ് പകച്ചു നിൽക്കുകയും ചെയ്യുന്ന, പേടിച്ചരണ്ട ക്രിസ്തു ശിഷ്യന്മാരെ എല്ലായിടത്തും കാണാം. സുവിശേഷ പ്രഘോ



ഷണത്തിന്റെ ഗൗരവാവഹമായ കടമകൾ പ്രഘോഷിക്കുന്നതിനു പകരം, പാവങ്ങൾക്ക് വസ്ത്രവും, ഭക്ഷണവും കൊടുക്കുന്നതു വഴി സ്വർഗ്ഗത്തിലേയ്ക്ക് നേരിട്ടു പ്രവേശനം ലഭിക്കുമെന്ന് ആത്മീയ ഗുരുക്കന്മാർ പഠിപ്പിച്ചും തുടങ്ങി. അങ്ങനെ കർത്താവിന്റെ സുവിശേഷം ഒരു വശത്തേക്ക് തള്ളി മാറ്റപ്പെട്ടു. സ്ഥാപനവൽക്കരണ സംസ്ക്കാരം സഭയെ പൊതുവായും, സുവിശേഷത്തിനായി പ്രത്യേകം വിളിക്കപ്പെട്ടവർ എന്നു കരുതുന്നവരായ സന്യസ്തരെ പ്രത്യേകമായും കാർന്നുതിന്നു തുടങ്ങി. 'വിളവധികം വേലക്കാരോ ചുരുക്കം' എന്ന വചനം ഒരു യാഥാർത്ഥ്യമായി.

ഈ സാഹചര്യത്തിൽ ദൈവം ഫിയാത്ത് മിഷന്റെ ചുമതലക്കാരായ മക്കളെ പരിശുദ്ധാത്മാവിനാൽ ഉത്തേജിപ്പിച്ച് സഭയ്ക്കു നൽകിയ വലിയ അനുഗ്രഹമാണ് ജിജിഎം മിഷൻ കോൺഗ്രസ്. സഭയിലേക്ക് സുവിശേഷത്തിന്റെ ആത്മാവിനെ സന്നിവേശിപ്പിക്കുന്നതിനും, സുവിശേഷ ശുശ്രൂഷയ്ക്കായി ആളുകളെ എഴുന്നേൽപ്പിക്കുന്നതിനും, ദൈവവിളികൾ വർദ്ധിപ്പിക്കുന്നതിനും ദൈവം ഫിയാത്ത് മിഷനെ ഉപയോഗിച്ചു തുടങ്ങി. ക്രമേണയായി സുവിശേഷത്തിന്റെ ചൈതന്യം സഭയിൽ പടർന്നു കൊണ്ടിരിക്കുന്നു. ഭാരതം മുഴുവൻ, ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കപ്പെടുന്നതുവരെ ഞങ്ങൾ ഉറങ്ങില്ല, വിശ്രമിക്കില്ല എന്നു പറയുന്ന ദാവീദിന്റെ ചൈതന്യം (സങ്കീ.132/14) സഭയുടെ എല്ലാ മക്കളിലും നിറയുന്നതുവരെ കർത്താവ് ഫിയാത്ത്മിഷന്റെ ശുശ്രൂഷ തുടരും, ശക്തിപ്പെടുത്തും. സഭയിലെ എല്ലാ വ്യക്തികളും, ഇടവകകളും, സ്ഥാപനങ്ങളും സുവിശേഷപ്രഘോഷണം പ്രഥമ ദൗത്യമായി കാണുന്നതുവരെ ഈ ശുശ്രൂഷയുടെ പ്രാധാന്യം നിലനിൽക്കും. 2020 ഏപ്രിൽ 24-26 തിയതികളിൽ നടത്തപ്പെടുന്ന ഫിയാത്ത് മിഷന്റെ നാലാമത് ജിജിഎം മിഷൻ കോൺഗ്രസിന് എല്ലാ പ്രാർത്ഥനാ മംഗളങ്ങളും ആശംസിക്കുന്നതോടൊപ്പം ഫിയാത്ത് മിഷന് എല്ലാ നന്മകളും നേരുകയും, സഭയിലേക്ക് സുവിശേഷത്തിന്റെ അഗ്നിയെ അയക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഭാരതസഭ മിഷൻ ചൈതന്യത്താൽ നിറയാൻ



**മോസ്റ്റ് റവ. ചാക്കോ തോട്ടുമാരിക്കൽ**
വൈസ് ചെയർമാൻ
ജിജിഎം മിഷൻ കോൺഗ്രസ്-2020

'**ലോ**കമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുക' എന്ന കൽപന ഈശോ തന്റെ എല്ലാ ശിഷ്യന്മാർക്കുമായിട്ടാണ് നൽകിയത്. സഭ എക്കാലത്തും ഈ കൽപന ഉയർത്തിപ്പിടിക്കുകയും, തന്റെ മക്കളെ ഈ കൽപനയുടെ പൂർത്തീകരണത്തിന്റെ ഭാഗഭാക്കാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പരിശുദ്ധ പിതാവ് ഇക്കഴിഞ്ഞ ഒക്ടോബർ മാസം സവിശേഷ മിഷൻ മാസമായി ആചരിക്കാൻ ആഹ്വാനം ചെയ്തിരുന്നു. രക്ഷയുടെ സുവിശേഷസന്ദേശം ഇതുവരെ കേൾക്കാത്തവരിലേയ്ക്ക് അത് എത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സഭാംഗങ്ങളെ ബോധവത്കരിക്കുകയായിരുന്നു ലക്ഷ്യം.

കർത്താവിന്റെ ഈ കൽപന സാക്ഷാത്കരിക്കുന്നതിൽ ഫിയാത്ത് മിഷൻ വർഷാവർഷം സംഘടിപ്പിക്കുന്ന ജിജിഎം മിഷൻ കോൺഗ്രസ് ഒരു ശ്രദ്ധേയമായ പങ്കുവഹിക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി മൂന്ന് മിഷൻ കോൺഗ്രസുകൾ വിജയകരമായി സംഘടിപ്പിക്കപ്പെട്ടു. ധാരാളം മിഷൻ രൂപതകളും സന്യാസ സഭകളും അവയിൽ സംബന്ധിച്ചിരുന്നു. നമ്മുടെ സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ആളുകൾക്ക് നമ്മുടെ രാജ്യത്തു നടക്കുന്ന പ്രേഷിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ ഒരു സുവർണാവസരമായിരുന്നു അത്. അതിൽ പങ്കെടുത്ത ധാരാളം യുവജനങ്ങൾ, അവർക്കായുള്ള

കർത്താവിന്റെ വിളി തിരിച്ചറിഞ്ഞു. മറ്റനേകം ആളുകൾ പ്രേഷിത പ്രവർത്തനമേഖലകൾ സന്ദർശിക്കുകയും നിശ്ചിതകാലത്തേയ്ക്ക് പ്രേഷിത പ്രവർത്തനങ്ങൾക്കായി തങ്ങളെ ത്തന്നെ സമർപ്പിക്കുകയും മിഷണറിമാരുമായി തങ്ങളുടെ സാമ്പത്തിക വിഭവങ്ങൾ പങ്കുവ യ്ക്കുകയും അതിലെല്ലാമുപരിയായി മിഷനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക വഴിയാ യി സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാൻ പ്രചോദിതരായി.

ബൈബിൾ ശുശ്രൂഷയുടെ മേഖലയിൽ ഫിയാത്ത് മിഷൻ 2007 മുതൽ പ്രവർത്തനനിര തരാണ്. ഇന്ത്യയിലേയും ആഫ്രിക്കയിലേയും വിവിധ ഭാഷകളിൽ ബൈബിൾ അച്ചടിച്ച് വിത രണം ചെയ്യാൻ കരിസ്മാറ്റിക് ചൈതന്യത്താൽ നിറഞ്ഞ അതിലെ ശുശ്രൂഷകർക്ക് കഴിഞ്ഞിട്ടു ണ്ട്. ധാരാളം വ്യക്തികളെ ശിഷ്യത്വപരിശീല നം നൽകി മിഷണറിമാരാക്കി മിഷൻ മേഖല കളിലേയ്ക്ക് ഫിയാത്ത് മിഷൻ അയച്ചിട്ടുണ്ട്. അവരുടെ മധ്യസ്ഥപ്രാർത്ഥനാ ഗ്രൂപ്പുകൾ പ ല രൂപതകളിലും ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിക്കുന്നുണ്ട്. മാധ്യമശുശ്രൂഷകളും പ്ര സിദ്ധീകരണങ്ങളും അവരുടെ മറ്റൊരു പ്രവർ ത്തന മേഖലയാണ്.

ഏപ്രിൽ 24 മുതൽ 26 വരെ തൃശൂർ ക്രൈസ്റ്റ് നഗറിൽ വച്ച് നടക്കുന്ന നാലാം മിഷൻ കോൺഗ്രസിനായി ഫിയാത്ത് മിഷൻ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. മുൻ കാലങ്ങ ളിലെപ്പോലെ ഭാരതസഭയാകമാനം മിഷൻ ചൈതന്യത്താൽ നിറയാൻ ഇതും ഇടയാക്കു മെന്നതിൽ സംശയമില്ല. ഭാരതസഭയ്ക്ക് ഈ മിഷൻ കോൺഗ്രസും ഒരനുഗ്രഹമാകട്ടെ.





# പരിശുദ്ധ മറിയത്തിന്റെ അത്ഭുതമെഡൽ





1830 ജൂലൈ 18-ാം തിയതി പാരീസിലെ ഡോട്ടേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസസഭയിലെ 24 വയസ് പ്രായമുള്ള കാതറിൻ ലബോറ എന്ന കന്യാസ്ത്രീക്ക് പരി.കന്യാമറിയത്തിന്റെ ഒരു ദർശനം ഉണ്ടായി. അത് ഇപ്രകാരമായിരുന്നു. അവൾ രാത്രി തന്റെ മുറിയിൽ കിടന്ന് ഉറങ്ങുമ്പോൾ ഒരു കുട്ടി വന്ന് സി. കാതറിനെ തട്ടി ഉണർത്തി മഠത്തിന്റെ ചാപ്പലിലേയ്ക്ക് കൊണ്ടുപോയി. ചാപ്പലിൽ ചെന്നപ്പോൾ പരി.കന്യാമറിയം ഒരു കസേരയിൽ ഇരിക്കുന്നതായി കണ്ട അവൾ ഒരു ഞെട്ടലോടെ മറിയത്തിന്റെ മുമ്പിൽ മുട്ടുകുത്തി. പരി.മറിയത്തിന്റെ മടിയിൽ കൈകൾ വച്ചുകൊണ്ട് സി. കാതറിൻ ദൈവമാതാവിനോട് ദീർഘനേരം സംസാരിച്ചു.

കാതറിനെ കാണാൻ താൻ ഇനിയും വരുമെന്നും ഒരു പുതിയ ദൗത്യം അവളെ ഭരമേൽപ്പിക്കുമെന്നും മറിയം കാതറിന് വാഗ്ദാനം നൽകി. തുടർന്ന് ആ കുട്ടി സിസ്റ്ററിനെ അവളുടെ മുറിയിൽ എത്തിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ ഉണർത്തു മണിയുടെ ശബ്ദം കേട്ട് ഉണർന്ന കാതറിൻ താൻ ഇന്നലെ കണ്ടത് ഒരു ദർശനമായിരുന്നു എന്ന് തിരിച്ചറിഞ്ഞു.

പിന്നീടുള്ള ദിവസങ്ങൾ നീണ്ട കാത്തിരിപ്പിന്റെയും പ്രാർ

ത്ഥനയുടെയും ദിനങ്ങളായിരുന്നു. ഏകദേശം 4 മാസങ്ങൾക്ക് ശേഷം 1830 നവംബർ 27-ാം തീയതി സി.കാതറിൻ ലബോറ പ്രാർത്ഥിക്കുന്ന സമയത്ത് പരി. കന്യാമറിയത്തിന്റെ ദർശനം സി. കാതറിന് വീണ്ടും ലഭിച്ചു. ഒരു ഭൂഗോളത്തിന്റെ മുകളിൽ പരി.അമ്മ നിൽക്കുന്ന ഒരു ദൃശ്യമാണ് അവൾ കണ്ടത്. പരി. അമ്മ അവളോട് പറഞ്ഞു. ഞാൻ കാണിച്ചു തരുന്ന മാതൃകയിൽ ഒരു മെഡൽ നിർമ്മിക്കുക. അതു കഴുത്തിലണിയുന്നവർ സ്വർഗ്ഗീയമായ കൃപകൾ സ്വന്തമാക്കും. 2 വർഷങ്ങൾക്ക് ശേഷം 1832-ൽ ആണ് ഈ മെഡൽ നിർമ്മിക്കുവാൻ സി.കാതറിന് അനുമതി ലഭിച്ചത്. പാരീസിലുടനീളം ഈ മെഡൽ വിതരണം ചെയ്യപ്പെട്ടു. മെഡൽ ധരിക്കുന്നവർക്കെല്ലാം നിരവധിയായ അനുഗ്രഹങ്ങൾ ലഭിച്ചു തുടങ്ങി. 1836-ൽ, സി.കാതറിന് ലഭിച്ച മരിയൻ പ്രത്യക്ഷീകരണം ശരിയാണെന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

1854-ൽ പരി.കന്യാമറിയത്തിന്റെ അമലോത്ഭവം സഭ വിശ്വാസസത്യമായി പ്രഖ്യാപിച്ചതു മുതൽ മറിയത്തിന്റെ ഈ അത്ഭുത, അമലോത്ഭവ മെഡലും പ്രാധാന്യമുള്ളതായിതീർന്നു. വി.മാക്സ്മില്ല്യൻ കോൾബെയും, വി.മദർതെരേസ്സയുമെല്ലാം ഈ അത്ഭുതമെഡൽ ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരായിരുന്നു. തിന്മക്കെതിരെയുള്ള 'സിൽവർ ബുള്ളറ്റ്' എന്നാണ് വി.കോൾബെ ഈ



മെഡലിനെ വിളിച്ചിരുന്നത്. മാതാവിനോടുള്ള ഭക്തി പ്രചരിപ്പിക്കുവാൻ അദ്ദേഹം അമലോത്ഭവമാതാവിന്റെ പടയാളികൾ എന്ന സംഘടനയും രൂപീകരിച്ചിരുന്നു. വി. മദർതെരേസ അത്ഭുതമെഡലിനെ 'ഉപവിയുടെ മെഡൽ' എന്നാണ് വിശേഷിപ്പിച്ചത്. അമലോത്ഭവയായ മറിയത്തിന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുന്ന നമുക്കോരോരുത്തർക്കും ഈ മെഡൽ കഴുത്തിലണിഞ്ഞുകൊണ്ട് പരി. മറിയം വാഗ്ദാനം ചെയ്ത കൃപാവരങ്ങളെ സ്വന്തമാക്കാൻ പരിശ്രമിക്കാം.

## അമ്മ വഴി വന്ന അത്ഭുതങ്ങൾ

**അ**ത്ഭുതമെഡലിനെക്കുറിച്ചുള്ള വാർത്ത, 1836 ൽ തന്നെ യൂറോപ്പിലെങ്ങും പരന്നു. അത്ഭുതമെഡൽ വഴി അനവധി അത്ഭുതങ്ങളും സംഭവിക്കാൻ തുടങ്ങി.

ഇറ്റലിയിലെ 27 കാരനായ ഒരു യുവാവിന്റെ അനുഭവം ഇപ്രകാരമാണ്. വിശ്വാസത്തിൽ നിന്നകന്ന് പാപകരമായ ജീവിതം നയിച്ചിരുന്ന അയാൾ ന്യുമോണിയ മൂലം മരണത്തിന്റെ വക്കിലെത്തി. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കാൻ അയാളെ വികാരിയച്ചൻ ഏറെ ഉപദേശിച്ചെങ്കിലും ഒന്നും ഫലം കണ്ടില്ല. അയാളറിയാതെ അയാളുടെ തലയിണയ്ക്കുള്ളിൽ ഒരു അത്ഭുതമെഡൽ ഇട്ട ശേഷം, താൻ പറഞ്ഞകാര്യങ്ങളെക്കുറിച്ച് നന്നായി ആലോചിക്കാൻ ആവശ്യപ്പെട്ട് ആ പുരോഹിതൻ മടങ്ങാനൊരുങ്ങി.

അദ്ദേഹം തിരികെ ഇടവകയിലെത്തുന്നതിനുമുമ്പേ ആ യുവാവ് തന്റെ അമ്മയോട് അനുരഞ്ജനപ്പെടുകയും വൈദികനെ വിളിക്കാനാവശ്യപ്പെടുകയും ചെയ്തു. പാപവഴിയിൽ നിന്ന് പിന്തിരിയാനും വിശ്വാസത്തിലേയ്ക്ക് തിരിച്ചുവരാനും അയാൾ താത്പര്യം പ്രകടിപ്പിച്ചു. വൈദികൻ അത്ഭുതമെഡൽ അയാളെ കാണിച്ചപ്പോൾ ഭക്ത്യാദരങ്ങളോടെ അയാൾ അത് ചുംബിക്കാൻ തുടങ്ങി. താമസിയാതെ ആ യുവാവ് കുമ്പസാരിച്ച് പാപമോചനം നേടുകയും രോഗിലേപനം സ്വീകരിക്കുകയും ചെയ്തു. ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അയാൾ വളരെ പെട്ടെന്ന് പൂർണസൗഖ്യം നേടി.




# ഇനിയും വൈകരുത്

**ഈ** വർഷം പിറന്നപ്പോഴേ സുവിശേഷത്തിനായി എന്തെങ്കിലും ചെയ്യണമെന്ന് തീരുമാനിച്ചില്ലേ? കുറച്ചുപേരോടെങ്കിലും സുവിശേഷം പറയാതെ ഈ വർഷം പാഴാക്കില്ലെന്ന് ഉറപ്പിച്ചില്ലേ?

2020-ൽ ദൈവരാജ്യവിസ്തൃതിക്കായി പലതും ചെയ്യണമെന്ന് നമ്മിൽ ഏറെപ്പേരും കണക്കുകൂട്ടിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ വർഷങ്ങളിലും നാം ഇതുപോലെ തീരുമാനങ്ങളെടുത്തിട്ടുണ്ടായിരിക്കും! ഈ വർഷത്തിലെ 3 മാസങ്ങൾ കഴിയാറായിരിക്കുന്നു. എന്നിട്ട് എന്തു സംഭവിച്ചു?

ഈ വർഷം മുൻ വർഷങ്ങളെപ്പോലെയാകരുത്. വെറും തീരുമാനമായി മാത്രം ഇതവശേഷിക്കരുത്. അതിലേയ്ക്കുള്ള ആദ്യചുവട് ഇന്നു തന്നെയാകട്ടെ. അതിനായി, നാം സുവിശേഷം നൽകാനാഗ്രഹിക്കുന്ന 10 വ്യക്തികളുടെ പേരുകൾ ആദ്യമേ കണ്ടെത്തുക. ഇതുവരെ സുവിശേഷം കേൾക്കാത്തവരെയായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. അതിൽ നമുക്ക് നേരിട്ടറിയുന്നവരേയോ അല്ലാത്തവരേയോ ഉൾപ്പെടുത്താം. ഇന്നു മുതൽ ഈ വർഷം മുഴുവൻ അവർക്കായി പ്രാർത്ഥിച്ചു തുടങ്ങുക. ഇപ്രകാരം തന്നെ അടുത്ത വർഷത്തിൽ പുതിയ പത്തുപേരെ നാം കണ്ടെത്തണം.

നിങ്ങൾ പ്രാർത്ഥിക്കുന്ന വ്യക്തിയുടെ മാനസാന്തരം ഇന്നോ നാളെയോ അടുത്തവർഷമോ എന്നെങ്കിലും സംഭവിക്കുക തന്നെ ചെയ്യും. ഇക്കാര്യം ഉറച്ചു വിശ്വസിക്കുക. അതിന് അനേകം സാക്ഷ്യങ്ങളുടെ പിൻബലമുണ്ടെന്നറിയുക. നിങ്ങളുടെ പ്രാർത്ഥന വഴി കർത്താവ് അവർക്ക് സുവിശേഷം എത്തിക്കുക തന്നെ ചെയ്യും. അടുത്ത വർഷം നിങ്ങൾ പ്രാർ

ത്ഥിക്കാനായി തെരഞ്ഞെടുക്കേണ്ടത് പുതിയ പത്ത് പേരെയായിരിക്കണം. ക്രിസ്ത്യാനികളെല്ലാവരും ഇങ്ങനെ സുവിശേഷം നൽകാൻ തുടങ്ങിയാൽ ഭാരതസുവിശേഷവത്കരണം പൂർത്തിയാകാൻ എത്രനാൾ വേണം. ചിന്തിച്ചു നോക്കൂ. (ഓരോ ദിവസവും പിറന്നു വീഴുന്ന കുട്ടികൾക്കായി ഇതേരീതിയിൽ പ്രാർത്ഥിക്കണമെന്ന് ഫിയാത്ത് മിഷൻ ആഹ്വാനം ചെയ്യാറുണ്ട്.)

നിങ്ങൾ തെരഞ്ഞെടുത്ത വ്യക്തികളുടെ ലിസ്റ്റ് ഫിയാത്ത് മിഷന് അയച്ചു തരാവുന്നതാണ്. ഇവർക്കായി പ്രാർത്ഥിക്കാൻ ഫിയാത്ത് മിഷൻ നിങ്ങളോടൊപ്പമുണ്ട്.

സ്വപ്നങ്ങൾ യാഥാർത്ഥ്യമാകട്ടെ നമ്മുടെ ചുറ്റുപാടുമുള്ളവരും ക്രിസ്തുവിനെ അറിയട്ടെ, ത്രിത്വൈക ദൈവത്തിന്റെ സ്നേഹത്താൽ നിറയട്ടെ.



പരിശുദ്ധനായ ദൈവമേ..
പരിശുദ്ധനായ ബലവാനേ..
പരിശുദ്ധനായ അമർത്ത്യനേ..
ലോകം മുഴുവന്റെയും മേൽ
കരുണയായിരിക്കണമേ...



മിഷനെ അറിയാൻ
മിഷനെ സ്നേഹിക്കാൻ
മിഷനെ വളർത്താൻ

# 4th ജിജിഎം (ഗ്രേറ്റ് ഗാതറിംഗ് ഓഫ് മിഷൻ) അന്തർദേശീയ മിഷൻ കോൺഗ്രസ്

**2020 ഏപ്രിൽ 24-26**

Fiat Mission

88935 53035, 86069 63035, fiatggm@gmail.com

| | | |
|---|---|---|
| ഏപ്രിൽ 24 വെള്ളി | 9 am - 4 pm | 'സ്ക്രിപ്തുറ' 2019 ഗാതറിംഗ് |
| | 2 am - 4 pm | സിംപോസിയം 'ഇവാഞ്ചിലി ഗോഡിയം' |
| | 5 pm - 7 pm | സിംപോസിയം 'ഭാരതസുവിശേഷീകരണം' |
| ഏപ്രിൽ 25 ശനി | 9 am - 1 pm | പ്രീസ്റ്റ്സ് & സിസ്റ്റേഴ്സ് ഗാതറിംഗ് |
| | 9 am - 4 pm | 'മിഷൻ അവയർനെസ്സ് ഡേ' / സെമിനാരിവിദ്യാർത്ഥികൾക്കും സന്യാസാർത്ഥികൾക്കുള്ള ഗാതറിംഗ് |
| | 5 pm - 7 pm | യൂത്ത് ഗാതറിംഗ് |
| ഏപ്രിൽ 26 ഞായർ | 9 am - 1 pm | ടീച്ചേഴ്സ് & കാറ്റിക്കിസം ടീച്ചേഴ്സ്, സ്റ്റുഡന്റ്സ് ഗാതറിംഗ് |
| | 9 am - 4 pm | റിട്ടയേർഡ് പേഴ്സൺസ് ഗാതറിംഗ് |

ഏപ്രിൽ 23 വ്യാഴം 4 pm മുതൽ 26 ഞായർ 4 pm വരെ ഫിയാത്ത് മിഷൻ ടീം നയിക്കുന്ന മിഷൻ ധ്യാനം

- **മിഷൻ എക്സിബിഷൻ**
- **മിഷൻ ധ്യാനം**
- **മിഷൻ ഗാതറിംഗ്സ്**









മിഷൻ കോൺഗ്രസിലെ ഒരു പ്രധാന വിഭാഗമാണ് മിഷൻ എക്സിബിഷൻ. കേരളത്തിന്റെ നാനാഭാഗത്തു നിന്നുമായി ആയിരക്കണക്കിനു പേരാണ് -പ്രത്യേകിച്ച് കുട്ടികൾ - ഇതിൽ സംബന്ധിക്കാറുള്ളത്.

രാജ്യത്തിന്റെ വിവിധ മിഷൻ പ്രദേശങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത് തങ്ങളുടെ മിഷൻ പ്രദേശങ്ങളെ പരിചയപ്പെടുത്തുന്ന അതിവിപുലമായ എക്സിബിഷനിലേയ്ക്ക് ഇടവകകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വരുന്ന ബസുകൾക്കാവശ്യമായ ഡീസൽ തുകയും (ഒരു കിലോമീറ്ററിന് 10 രൂപ) ഡ്രൈവർ ബത്തയും (500 രൂപ) ഫിയാത്ത് മിഷൻ നൽകുന്നതായിരിക്കും. ഓരോ ദിവസത്തേയ്ക്കും ആദ്യം ബുക്കു ചെയ്യുന്ന 100 ബസുകൾക്ക് മാത്രമായിരിക്കും ഈ സൗജന്യമെന്നതിനാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.



# മിഷൻ ധ്യാനം

**ഓ**രോ വർഷവും ജിജിഎം മിഷൻ കോൺഗ്രസുകളോട നുബന്ധിച്ച് നടത്തപ്പെടുന്ന മിഷൻ ധ്യാനങ്ങൾ മിഷനെ അറിയുവാനും സ്നേഹിക്കുവാനും ശേഷിച്ച ജീവിതത്തിൽ മിഷനു വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യുവാനും അനേകർക്ക് വഴിയൊരുക്കിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിലെ മിഷൻ ധ്യാനത്തിൽ സംബന്ധിച്ചവരിൽ അനേകർ മിഷൻ പ്രദേശങ്ങളിലേയ്ക്ക് കടന്നു ചെന്നു. പലരും പലകാലയളവുകളിൽ അവിടങ്ങളിൽ മധ്യസ്ഥപ്രാർത്ഥനയിൽ വ്യാപരിച്ചു. പോകാനാകാത്തവർ മിഷനുവേണ്ടി പ്രാർത്ഥനകളും പരിത്യാഗങ്ങളും കാഴ്ചവയ്ക്കുന്നതു ജീവിതശൈലിയാക്കിക്കഴിഞ്ഞു.

സാധാരണ ഒരു ധ്യാനത്തിന്റെ ശൈലിയിലല്ലാതെ, ലഭിച്ച വിശ്വാസം പങ്കുവയ്ക്കാനുള്ള വെല്ലുവിളികളും, പ്രതിസന്ധികളും മിഷനിൽ ശുശ്രൂഷ ചെയ്യുന്നവരെ കർത്താവ് പരിപാലിക്കുന്ന ജീവിതാനുഭവങ്ങളുമാണ് ഫിയാത്ത് മിഷൻ ധ്യാനങ്ങൾ നൽകുന്നത്

ലഭിച്ച വിശ്വാസം അർത്ഥവത്തായി ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് 'നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന യേശുക്രിസ്തു നൽകിയ മഹത്തായ ഉത്തരവാദിത്വം നിറവേറ്റാൻ



ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്ന ജിജിഎം മിഷൻ കോൺഗ്രസ്സിനോടനുബന്ധിച്ചുള്ള മിഷൻ ധ്യാനത്തിൽ പങ്കെടുക്കാൻ ഞാനാഗ്രഹിക്കുന്നു. എന്റെ പേര് രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പേര്: ..........................................................................................................................................

പിതാവ് / ഭർത്താവ് / ഭാര്യ : ..........................................................................................................

വിലാസം : .....................................................................................................................................

..........................................................................................................................................

ഇടവക, രൂപത :.............................................................................................................................

മൊബൈൽ : ........................................................ വാട്സാപ്പ് :.......................................................

ഇ- മെയിൽ : ...................................................................................................................................

എന്തെങ്കിലും ചെയ്യാനാഗ്രഹിക്കുന്നവർക്ക് ഫിയാത്ത് മിഷൻ ധ്യാനത്തിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസായി 100 രൂപ മാത്രം ഈടാക്കുന്ന ഈ ധ്യാനത്തിന് 1000 പേർക്കുള്ള സൗകര്യമാണ് ഇത്തവണ ഫിയാത്ത് മിഷൻ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്.

താത്പര്യമുള്ളവർ ഇവിടെ കൊടുത്തിരിക്കുന്ന ഫോം പൂരിപ്പിച്ച് വാട്സാപ്പ് വഴിയോ, മെയിൽ വഴിയോ, പോസ്റ്റ് വഴിയോ അയക്കേണ്ടതാണ്.











# കുരുക്കിൽപ്പെട്ടവരെ രക്ഷിക്കാം

**ഹൃ**ദയത്തിന്റെ രൂപത്തിൽ കാണപ്പെടുന്ന പ്രണയകുരുക്കുകൾ മാധ്യമലോകത്ത് വലിയ ചർച്ചയാണിന്ന്. കൗമാരങ്ങൾക്ക് കൗതുകമേകി, ജീവിതവഴികളിൽ കാത്തുകിടക്കുന്ന ഈ ഹൃദയചിത്രങ്ങൾക്കുള്ളിൽ കടക്കുമ്പോഴാണ് അത് ഒരു കുരുക്കായി വരിഞ്ഞു മുറുക്കുന്നത് പലരും അറിയുക. ഈ കുരുക്കുകൾ ഒരുക്കി തക്കം പാർത്തിരിക്കുന്നവരുടെ കുതന്ത്രങ്ങൾ ഇതിനോടകം ഏവരും മനസ്സിലാക്കിയിട്ടുണ്ട്.

ഇരയെ പിടികൂടുന്നവർക്ക് ലഭിക്കുന്ന ലക്ഷക്കണക്കിന് രൂപയുടെ പ്രതിഫലത്തെക്കുറിച്ചുള്ള വാർത്തകളും, ക്രൈസ്തവമക്കളെ തട്ടിയെടുക്കാനായി നടക്കുന്ന സംഘടിത നീക്കങ്ങളും ഇന്ന് പരസ്യമായ രഹസ്യമാണ്.

കത്തോലിക്കാ കുടുംബങ്ങളിൽ നിന്നും ഓരോ വർഷവും ഇപ്രകാരം തട്ടിയെടുക്കപ്പെടുന്ന പെൺകുട്ടികളുടെ എണ്ണം നമ്മെ ഞെട്ടിക്കുന്നതാണ്. സമാധാനത്തോടെ സന്തോഷത്തോടെ കുടുംബജീവിതം നയിച്ചിരുന്ന അനേകം കുടുംബങ്ങൾ ഇന്ന് ശ്മശാനസമമായി കഴിഞ്ഞിരിക്കുന്നു.

ഇത്തരം ദുരിതത്തിലകപ്പെട്ട സഹോദരങ്ങളേയും ഈ തട്ടിപ്പിനിരയായി തീവ്രവാദികളായി മാറുക പോലും ചെയ്യാവുന്ന അവസ്ഥയിലുള്ളവരേയും കുറിച്ച് യാതൊരു പരിഗണനയും വേദനയും കാണിക്കാതിരിക്കുന്നത് ക്രിസ്തീയമാണോ? ഇവരെ നമുക്ക് തിരികെ നേടിയെടുക്കേണ്ടേ?

നിങ്ങളുടെ ചുറ്റിലും ജീവിക്കുന്ന, പ്രണയത്തിൽ കുരുങ്ങി ക്രിസ്തുവിനെ ഉപേക്ഷിച്ചുപോയവരുടെയും അവരെ വിവാഹം ചെയ്തവരുടെയും അത് ഏത് മതവിഭാഗങ്ങളിൽ പെട്ടവരുമായിക്കൊള്ളട്ടെ, പേരുവിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് ഫിയാത്ത്

മിഷനെ അറിയിക്കുക.

അവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിച്ചുതുടങ്ങാം. അവരേയും അവരെ കുതന്ത്രത്തിലൂടെ സ്വന്തമാക്കിയവരുടെയും ഉള്ളിൽ പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ അവരുടെ കണ്ണുകൾ തുറക്കുകയും സത്യം തിരിച്ചറിയുകയും സത്യത്തിലേയ്ക്ക് തിരികെ വരികയും ചെയ്യും.

ഇന്നു മുതൽ തുടങ്ങാം നമുക്ക് ഈ യജ്ഞം. ക്രിസ്തുവിൽ നിന്ന് അകലാൻ കാണിച്ചതിന്റെ ഇരട്ടി തീക്ഷ്ണതയോടെ അവർ തിരികെ വരട്ടെ. അവർ മാത്രമല്ല അവരെ കൊണ്ടു പോയവരും, കുടുംബാംഗങ്ങളും ക്രിസ്തുവിന്റെ സ്നേഹം അറിയാൻ നമ്മുടെ ശക്തമായ പ്രാർത്ഥനകൾ കാരണമാകട്ടെ.

## ഭാരതത്തിനായി പ്രാർത്ഥിക്കാം

മാറിവരുന്ന സാഹചര്യങ്ങളിൽ ഭാരതത്തിൽ വർധിക്കുന്ന ക്രൈസ്തവ പീഢനങ്ങൾ നിലയ്ക്കുന്നതിനും, ഭാരതസുവിശേഷവത്കരണം സുസാധ്യമാകുന്നതിനും, സകലരും യേശുക്രിസ്തുവിന്റെ സ്നേഹത്താൽ നിറയുന്നതിനുമായി എല്ലാ ദിവസവും വൈകീട്ട് 3 മണിക്ക് ഫിയാത്ത് മിഷണറീസ് ദിവ്യകാരുണ്യനാഥനു മുമ്പിൽ കരങ്ങളുയർത്തി പ്രാർത്ഥിക്കുന്നു. സാധിക്കുന്നവരെല്ലാവരും അതേ സമയത്ത് തങ്ങളായിരിക്കുന്ന ഇടങ്ങളിലിരുന്ന് പ്രാർത്ഥിക്കുമല്ലോ.

## പ്രാർത്ഥനയാൽ നിർവീര്യമാക്കപ്പെടട്ടെ




കൊറോണ വൈറസ് ബാധ നിർവീര്യമാകുന്നതുവരെ ഫിയാത്ത് മിഷൻ ദിവ്യകാരുണ്യസന്നിധിയിൽ എല്ലാ ദിവസവും വൈകീട്ട് 4 മണിക്ക് പ്രാർത്ഥിക്കുന്നു.

ഓഫീസിലോ, വീട്ടിലോ, യാത്രയിലോ, മറ്റെവിടെയെങ്കിലുമോ, നിങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ ഇരുന്നുകൊണ്ട് ഈ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കു ചേരാമോ?

കർത്താവിന്റെ കരുണയ്ക്കായി ലോകം മുഴുവനേയും സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. അവിടുത്തെ തിരുരക്തത്താൽ ലോകം മുഴുവൻ കഴുകപ്പെടട്ടെ. രോഗാണുക്കൾ നിർവീര്യമാക്കപ്പെടട്ടെ.

"വിനീതന്റെ പ്രാർഥന മേഘങ്ങൾ തുളച്ചുകയറുന്നു; അതു കർത്തൃസന്നിധിയിലെത്തുന്നതുവരെ അവൻ സ്വസ്ഥനാവുകയില്ല." (പ്രഭാ.35:21)



# കുരുന്നു മനസ്സുകളിൽ തിന്മ വിതയ്ക്കപ്പെട്ടാൽ

**സ്കോ**ട്ലൻഡിലെ ഒരു കൗമാരക്കാരൻ താൻ പഠിക്കുന്ന സ്കൂളിന് തീയിട്ടു. 15 ഫയർ എഞ്ചിനുകളുമായി 80 അഗ്നിശമനാസേനാംഗങ്ങൾ ഒരു രാത്രിമുഴുവൻ അധ്വാനിച്ചാണ് തീ നിയന്ത്രണ വിധേയമാക്കിയത്.

സ്കൂളിൽ തോക്കുമായെത്തിയ വിദ്യാർത്ഥി തന്റെ ടീച്ചറെയടക്കം രണ്ടുപേരെ വെടിവച്ചു കൊന്നു. നാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മെക്സിക്കൻ പട്ടണമായ ടോറിയോണിലാണ് സംഭവം.

റോമിൽ നടന്ന ഒരു മീറ്റിങ്ങിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നെത്തിയ വിവിധ സംഘടനാപ്രതിനിധികൾ ആധുനിക ലോകത്തിലെ കുട്ടികളുടെ വ്യക്തിത്വവൈകല്യങ്ങളെ പറ്റിയുള്ള ആശങ്ക പ്രകടിപ്പിച്ചപ്പോൾ ഉദാഹരണമായി പങ്കുവയ്ക്കപ്പെട്ടതായിരുന്നു മേൽപറഞ്ഞ രണ്ട് സംഭവങ്ങളും.

ഈയിടെ വത്തിക്കാനിൽ വെച്ച് നടന്ന ഒരു മീറ്റിങ്ങിൽ പങ്കെ

ടുക്കാനിടയായ വ്യക്തി പങ്കുവെച്ചതിപ്രകാരമാണ്. സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങളും വീക്ഷണങ്ങളും അവതരിപ്പിക്കപ്പെട്ട മീറ്റിങ്ങിൽ കുട്ടികളുടെ കാര്യത്തിൽ ഏവരും ഒരേ സ്വരത്തിൽ പറഞ്ഞു. "കുട്ടികളെ വിശ്വാസത്തിൽ അടിയുറച്ചവരായി നിലനിർത്താൻ, ഉത്തമകത്തോലിക്കരായി വളർത്താൻ നാം ഇനിയും പരിശ്രമിക്കാതിരുന്നാൽ അതിന് കൊടുക്കേണ്ടി വരുന്ന വില വളരെ വലുതായിരിക്കും."

കേരളത്തിനു പുറത്തുള്ള കുട്ടികൾക്ക് യേശുവിനെ പങ്കുവച്ച് നൽകുകയെന്ന ഉദ്ദേശ്യത്തോടെ പുറത്തിറക്കിയിരുന്ന 'അമൂല്യ' എന്ന ഹിന്ദി മാസിക ഫിയാത്ത് മിഷൻ വർഷങ്ങളോളം പ്രസിദ്ധീകരിച്ചിരുന്നു എന്നതൊഴിച്ചാൽ കുട്ടികൾക്ക് വേണ്ടിയുള്ള ശുശ്രൂഷകൾ ഫിയാത്ത് മിഷന്റെ പ്രധാന 'കാരിസം' അല്ല.

എങ്കിലും 'ഇന്നത്തെ കുട്ടികളാണ് നാളത്തെ സഭാശരീരം' എന്ന ബോധ്യം ശക്തമായതിനെ തുടർന്ന് കുട്ടികൾക്കായുള്ള ശുശ്രൂഷകളിലേയ്ക്ക് ഫിയാത്ത് മിഷൻ ശ്രദ്ധവയ്ക്കാൻ ആരംഭിച്ചു. ഇതിന്റെ ഭാഗമായാണ് 25 നോമ്പിനും 50 നോമ്പിനും പ്രാർത്ഥിക്കാനും ധ്യാനിക്കാനും കുട്ടികൾക്ക് സഹായകരമായ നോമ്പുകാല പ്രാർത്ഥനാപുസ്തകത്തിന്റെ ലക്ഷക്കണക്കിന് കോപ്പികൾ നിർമിച്ച് വിതരണം ചെയ്തുവരുന്നത്.


അതിശയകരമായ അനുഭവങ്ങളാണ് പ്രസ്തുത പുസ്തകങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ച ഇടവകകളിൽ നിന്നും, കാറ്റിക്കിസം യൂണിറ്റുകളിൽ നിന്നും അറിയിച്ചിട്ടുള്ളത്. നോമ്പുകാലങ്ങളിൽ വിരലിലെണ്ണാവുന്നത്രയും കുട്ടികൾ മാത്രം ദിവ്യബലിക്ക് വന്നിരുന്ന സ്ഥലത്ത് 300 ഓളം കുട്ടികൾ മുടങ്ങാതെ നോമ്പുകാലത്ത് ദിവ്യബലിക്ക് അണഞ്ഞുവെന്നത് ഏറെ സന്തോഷത്തോടെയാണ് ഒരു കാറ്റികിസം പ്രധാന അധ്യാപകൻ പങ്കുവച്ചത്.

ഒരുപാട് സംഘടനാ പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും തിരക്കിട്ട് ഏർപ്പെടുന്ന നാം കുട്ടികളുടെ ആത്മീയവളർച്ചയ്ക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ടോ? മുൻ തലമുറകൾ ചെയ്തിരുന്നതുപോലെ സുകൃതജപങ്ങൾ ചൊല്ലി, കൂദാശകൾ സ്വീകരിച്ച് നിഷ്കളങ്കരായി ജീവിക്കാൻ കുട്ടികളെ നാം പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു.

ഇടവകകളിലെ വിവിധങ്ങളായ നിർമാണപ്രവർത്തനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്ന നാം കുട്ടികളുടെ ആത്മീയവളർച്ചയ്ക്കുപകരിക്കുന്ന ധ്യാനമോ മറ്റ് പരിപാടികളോ സംഘടിപ്പിക്കുന്നതിന് പതിനായിരം രൂപ ചെലവഴിക്കേണ്ടി വന്നാൽ പലതവണ ആലോചിക്കുകയും മിക്കവാറും അത് മാറ്റിവയ്ക്കുകയും ചെയ്യുന്നതായി ഒരു കാറ്റികിസം അധ്യാപകൻ സങ്കടപ്പെട്ടതോർക്കുന്നു.

കേരളത്തിലെ കുട്ടികളുടെ ഇടയിൽ വർഷങ്ങളായി ശുശ്രൂഷ ചെയ്തുവരുന്ന പ്രശസ്തനായ ഒരു ശുശ്രൂഷകൻ അഭിപ്രായപ്പെട്ടത് ഇപ്രകാരമാണ്. "നമ്മുടെ ഇടവകകളിൽ അതിഗംഭീരമായ പള്ളികൾ നാം മത്സരിച്ചു പണിയുന്നു. എന്നാൽ ഇതോടൊപ്പം നമ്മുടെ കുട്ടികളിൽ വിശ്വാസവും പണിതുയർത്താൻ നാം മറക്കരുത്. ഇല്ലെങ്കിൽ നമ്മുടെ വാർധക്യത്തിൽ, ഈ പള്ളികളിൽ പോകാൻ ആരോഗ്യമില്ലാതാകുന്ന കാലത്ത് മക്കളെ ആശ്രയിക്കേണ്ടിവരുമ്പോൾ അവരത് പുച്ഛിച്ചു തള്ളും. അങ്ങനെ നാം പണിതു കൂട്ടുന്നത് നമുക്കും അവർക്കും ഉപകാരപ്പെടാത്ത വെറും കെട്ടിടങ്ങളായി അവശേഷിക്കും."

നാം സമ്പാദിക്കുന്ന സ്വത്തോ, വലിയ വീടോ, പേരോ, പ്രശസ്തിയോ യാതൊന്നും നമുക്ക് സ്വർഗത്തിലേയ്ക്ക് കൊണ്ടു പോകാനാകില്ല. എന്നാൽ നമ്മുടെ കുട്ടികളെ സ്വർഗത്തിലേയ്ക്ക് കൊണ്ടു പോകാൻ നമുക്ക് സാധിക്കും. അതിനാൽ കുട്ടികൾക്കായി നമുക്ക് കൂടുതൽ സമയം ചെലവഴിക്കാം.



**പരിശുദ്ധനായ ദൈവമേ.. പരിശുദ്ധനായ ബലവാനേ..**
**പരിശുദ്ധനായ അമർത്യനേ..**
**'ജിജിഎം മിഷൻ കോൺഗ്രസിനു' മേൽ**
**മേൽ കരുണയായിരിക്കണമേ...**



# പ്രകാശമേകുന്ന വചനം പങ്കുവയ്ക്കാൻ

സജീവനായ ദൈവത്തിന്റെ ജീവദായകമായ വചനം ഏവർക്കും ലഭ്യമാക്കുക എന്ന സ്വപ്നം പൂർത്തീകരിക്കുന്നത് എത്രമാത്രം തടസ്സങ്ങൾ നേരിടുന്ന കാര്യമാണെന്ന് കൂടുതൽ കൂടുതൽ ബോധ്യപ്പെടുന്ന സംഭവവികാസങ്ങളിലൂടെയാണ് നാം ഇക്കഴിഞ്ഞ നാളുകളിൽ കടന്നുപോയത് 2019-ൽ പൂർത്തിയാക്കണമെന്നാഗ്രഹിച്ച്, തമിഴ്നാട്ടിലെ തേനിയിൽ നിർമ്മാണമാരംഭിച്ച ഫിയാത്ത്മിഷൻ ബൈബിൾ പ്രിന്റിംഗ് പ്രസ് ബിൽഡിംഗിന്റെ നിർമാണം, ഒടുവിൽ വനം വകുപ്പിന്റെ 'സ്റ്റേ' വന്നതോടുകൂടി നിർത്തിവയ്ക്കേണ്ടി വന്നു. ഇനി ഫിയാത്ത് മിഷന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ആ ബിൽഡിംഗ് പണിപൂർത്തീകരിച്ച് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

കർത്താവിന് എല്ലാത്തിനെക്കുറിച്ചും വ്യക്തമായ പദ്ധതിയുണ്ടെന്നുള്ള വിശ്വാസത്തിൽ, പ്രിന്റിംഗ് പ്രസ്സ് നിർമ്മാണം നാം ഒറീസയിലേയ്ക്ക് മാറ്റുകയാണ്. അനേകം തടസ്സങ്ങൾ ഈ ശുശ്രൂഷയ്ക്ക് മേൽ ഉണ്ടാകാനിടയുള്ളതിനാൽ പ്രാർ



ഷാജു ഒറീസ

ത്ഥനകളും, പരിത്യാഗങ്ങളും ഈ നിയോഗത്തിനായി പലരും സമർപ്പിക്കുന്നു.

ഈ ബൈബിൾ പ്രസ്സ് നിർമ്മാണം പൂർത്തിയാകുന്നതുവരെ താൻ ഒരു നേരം മാത്രമേ ഭക്ഷണം കഴിക്കു എന്ന തീരുമാനത്തിലാണ് ഒരു ഫിയാത്ത് മിഷണറി. മറ്റൊരാൾ ഈ നിയോഗാർത്ഥം ഒരു നേരത്തെ ഭക്ഷണം ഒഴിവാക്കിയിരിക്കുന്നു. ബൈബിൾ പ്രസിൽ ബൈബിൾ നിർമ്മിച്ചു വിതരണം ആരംഭിക്കുന്നതുവരെ അനുദിനം കുരിശിന്റെ വഴി പ്രാർത്ഥന ചൊല്ലി പ്രാർത്ഥിക്കുമെന്നറിയിച്ചിരിക്കുകയാണ് ഇനിയുമൊരാൾ.

ഇങ്ങനെ പലരും തങ്ങൾക്കാവുന്നവിധത്തിൽ പലതരത്തിൽ പ്രാർത്ഥിക്കുകയും, പരിത്യാഗങ്ങളനുഷ്ഠിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ വിഷയം അത്രയും ഗൗരവതരമായതിനാലും, തിന്മ ഇതിനെ തടസ്സപ്പെടുത്താൻ ശ്രമിക്കുമെന്നതിനാലും ഇനിയുമേറെപ്പേർ ഈ നിയോഗത്തിനായി പ്രാർത്ഥിക്കേണ്ടതുണ്ട്. നിങ്ങൾക്ക് സമർപ്പിക്കാനാകുന്ന വി.കുർബാന, നോമ്പ്, ഉപവാസം, മറ്റു പരിത്യാഗപ്രവർത്തികൾ ഇന്ന് തന്നെ പ്രാർത്ഥനാപൂർവ്വം തീരുമാനിച്ചുറപ്പിച്ച് ഫിയാത്ത് മിഷനെ അറിയിക്കുക. ശക്തമായ പ്രാർത്ഥനയുടെ പിൻബലമില്ലാതെ ഈ ശുശ്രൂഷ വിജയിക്കില്ല എന്നറിയുക.

അതുപോലെ തന്നെ ഏഷ്യയിലെതന്നെ വലിയ ഒരു ബൈബിൾ പ്രിന്റിംഗ് പ്രസ്സായി തീരാനുള്ള ഈ പ്രസ്സിന്റെ നിർമ്മാണചെലവും വളരെ വലുതാണ്. ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ പങ്കുവയ്പും ഈ സ്വപ്ന പദ്ധതിയുടെ പൂർത്തീകരണത്തിന് അത്യന്താപേക്ഷിതമാണ്. ഒരു സ്ക്വയർഫീറ്റിന് 550 രൂപ എന്ന നിരക്കിലാണ് ഈ പ്രസ്സിന് ചെലവുവരിക. ഒരു ലക്ഷം സ്ക്വയർഫീറ്റ് ആണ് ഈ പ്രസ്സിന്റെ വലിപ്പം. ഏവരും സാധിക്കാവുന്ന അത്രയും സ്ക്വയർഫീറ്റ് വലിപ്പത്തിനുള്ള തുകകൾ ദശാംശമായി തരാൻ പരിശ്രമിക്കുക. അനേകമനേകം ഭാഷകളിലുള്ള ലക്ഷക്കണക്കിന് ബൈബിളുകൾ ലോകോത്തര നിലവാരത്തിൽ വളരെ പെട്ടെന്നു തന്നെ നിർമിച്ചു നൽകുവാൻ സാധിക്കുന്ന തരത്തിൽ നിർമ്മിക്കപ്പെടുന്ന, തലമുറകൾക്കനുഗ്രഹപ്രദമാവുന്ന ഈ മഹത്തായ സംരംഭത്തിൽ നമ്മുടെ ഓരോരുത്തരുടേയും പ്രാർത്ഥനയും പങ്കുവയ്പും ഉറപ്പുവരുത്തണമെന്ന് ഓർമിപ്പിക്കുന്നു. ഈ മഹത്തായ സംരഭത്തിൽ നിങ്ങളുടെ പങ്കുവയ്പിലൂടെ ഒരു സ്ക്വയർഫീറ്റ് സ്ഥലമെങ്കിലും നിർമ്മിക്കപ്പെടുമെന്ന് ഇന്നു തന്നെ തീരുമാനിക്കുക, അത് പ്രവർത്തിപഥത്തിലെത്തിക്കുക.

നിങ്ങൾ നീട്ടിവയ്ക്കുന്ന ചെറിയ ഒരു പങ്കുവെയ്പ് പോലും വൈകിപ്പിക്കുന്നത് ലോകമെങ്ങും സുവിശേഷമെത്തുക എന്ന കർത്താവിന്റെ സ്വപ്നത്തേയാണ് എന്ന് മറക്കരുതേ.





# ഞങ്ങളും സുവിശേഷപ്രഘോഷകരായി!

"**നി**ങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന യേശുനാഥന്റെ പരിപാവനമായ ദൗത്യം നിർവഹിക്കാൻ വിളിക്കപ്പെട്ട എന്നെ ഏറെ സ്വാധീനിച്ച ഒന്നാണ്, "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം." എന്ന വി. പൗലോസ് ശ്ലീഹായുടെ വചനം.

സുവിശേഷ പ്രഘോഷണം എന്ന പരിപാവനമായ ദൗത്യം എങ്ങനെ നിർവഹിക്കാമെന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് ഫിയാത്ത് മാഗസിനിലൂടെ വചനം പകർത്തി എഴുത്ത് മത്സരത്തെക്കുറിച്ചും അത് പ്രാർത്ഥനാപൂർവ്വം എഴുതുന്നവർക്ക് കിട്ടുന്ന അനുഗ്രഹങ്ങളെക്കുറിച്ചും അറിഞ്ഞത്. പ്രത്യേക നിയോഗങ്ങളോടെ 2015-ൽ വചനം പകർത്തി എഴുതി. അതിന്റെ സമ്മാനദാന ചടങ്ങിനായി എല്ലാവരും ഒന്നിച്ചു കൂടിയ അവസരത്തിൽ ഫിയാത്ത് മിഷന്റെ വിവിധ ശുശ്രൂഷകളെക്കുറിച്ച് വളരെ വിശദമായി മനസ്സിലാക്കാനും വിവിധ ഭാഷകളിൽ അച്ചടിച്ച ബൈബിൾ കാണാനും ഇടയായി.

Papyrus
USED PAPER TO BIBLE PAPER

ബൈബിൾ നിർമാണത്തിന് സഹായകരമാകാനായി ഉപയോഗശൂന്യമായ പേപ്പറുകൾക്കു പകരമായി ബൈബിൾ പേപ്പർ ലഭ്യമാക്കുന്ന ഫിയാത്ത് മിഷന്റെ 'പാപ്പിറസ്' പദ്ധതിയെക്കുറിച്ചും അറിഞ്ഞു. അതുവരെ വിൽക്കുകയും വെറുതെ കത്തിച്ചു കളയുകയും ചെയ്തിരുന്ന ഞങ്ങളുടെ ആതുരാലയത്തിലെ പേപ്പറുകൾ ശേഖരിക്കാനും ഫിയാത്ത് മിഷന് കൊടുക്കാനും തുടങ്ങി. ഇതുവഴി ഞങ്ങൾക്കും ബൈബിൾ നിർമ്മാണ പദ്ധതിയിൽ പങ്ക് വഹിക്കാനും, അനേകർക്ക് യേശുവിനെ കൊടുക്കുവാനും, മറ്റുള്ളവർക്ക് മുൻപിൽ യേശുവിനെ ഏറ്റു പറയാനുമുള്ള അവസരം കിട്ടുമെന്ന പ്രചോദനം ലഭിച്ചു. തുടർന്ന് ഞങ്ങളുടെ ആതുരാലയത്തിലെ വിവിധ വിഭാഗത്തിലുള്ള സമർപ്പിതരായ സഹോദരിമാരോട് ഇതിനെക്കുറിച്ച് പറയുകയും അവർ വളരെ സന്തോഷത്തോടെ പ്രോത്സാഹിപ്പിക്കുകയും, ഓരോരുത്തരും ശ്രദ്ധയോടെ പേപ്പറുകൾ സൂക്ഷിക്കാനും തുടങ്ങി. തുടർന്ന് ആതുരാലയത്തിലെ ജാതിമതഭേദമന്യേ എല്ലാവരും പലതരത്തിൽ പേപ്പർ ശേഖരണത്തിൽ എന്നെ സഹായിക്കുകയും തങ്ങളുടെ പഴയ പുസ്തകങ്ങൾ നൽകാൻ തുടങ്ങുകയും ചെയ്തു. ഈ സംരംഭത്തിന് എന്റെ അധികാരികളും, സഹോദരിമാരും എനിക്ക് തന്നിട്ടുള്ള പ്രോത്സാഹനവും, അതിലേറെ പേപ്പർ ശേഖരണത്തിൽ അവർ കാണിക്കുന്ന തീക്ഷ്ണതയും എനിക്ക് കിട്ടിയ പ്ര

ചോദനത്തെ കൂടുതൽ ശക്തമാക്കി.

ഞങ്ങളുടെ ധർമ്മഗിരി സന്യാസിനി സമൂഹത്തിന്റെ വിവിധ ശാഖാ ഭവനങ്ങളിലേക്കും പേപ്പർ ശേഖരണത്തെക്കുറിച്ച് പറയാനും, അങ്ങനെ സന്യാസിനി സമൂഹം മുഴുവനും ഈ സംരംഭത്തിൽ പങ്കുവഹിക്കണമെന്നുള്ള ആഗ്രഹം സഫലമാകാൻ നല്ല ദൈവം എന്റെ സഹോദരിമാരെ പ്രചോദിപ്പിച്ചു. ഇന്ന് ഞങ്ങളുടെ മാതൃഭവനം, ജനറലേറ്റ്, വിവിധ ശാഖാ ഭവനങ്ങൾ, ഞങ്ങളുടെ സഹോദരിമാർ ശുശ്രൂഷ ചെയ്യുന്ന ഇടവക ദൈവാലയങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പേപ്പർ സമാഹരിക്കാൻ സാധിക്കുന്നു. ദൈവരാജ്യശുശ്രൂഷയിൽ പങ്ക് വഹിക്കാൻ, വചനം തന്നെയായ ഈശോയെ മനുഷ്യ ഹൃദയത്തിലേക്ക് എത്തിക്കാൻ ഫിയാത്ത് മിഷനോടൊപ്പം ഒരു ചെറിയ പങ്ക് വഹിക്കാൻ എന്നെയും എന്റെ സഹോദരിമാരെയും പ്രത്യേകിച്ച് ഞങ്ങളുടെ അധികാരികളെയും അനുഗ്രഹിച്ച നല്ല നാഥന് ഒരായിരം നന്ദി.

Sr.Stephia MSJ, St.Joseph Hospital
Kothamangalam

## ഫിയാത്ത് മിഷൻ കാലഘട്ടത്തിന്റെ ശുശ്രൂഷ

**കോ**ൺവെന്റുകളിലേക്ക് വരുന്ന ഫിയാത്ത് മിഷന്റെ ലീഫ്ലെറ്റുകളിലൂടെയാണ് ആദ്യമായി ഈ മിഷനെക്കുറിച്ച് അറിഞ്ഞത്. രണ്ട് വർഷത്തെ നോർത്ത് ഇന്ത്യയിലെ മിഷൻ അനുഭവത്തിൽ നിന്ന് മനസ്സിലാക്കിയതനുസരിച്ച് യേശു എന്ന പേര് പോലും കേൾക്കാത്ത ജനങ്ങൾ ഏറെയാണ്. സത്യദൈവത്തെയും ആ ദൈവത്തിലെത്തിച്ചേരാനുള്ള വഴിയും അറിയുക മഹാഭാഗ്യം തന്നെ! 'തോമാശ്ലീഹ നമ്മുടെ നാട്ടിൽ വന്നില്ലായിരുന്നെങ്കിൽ നാമൊക്കെ സത്യദൈവത്തെ അറിയാതെ ജീവിക്കുമായിരുന്നില്ലേ, എന്ന് ഒരു സുവിശേഷ പ്രസംഗകൻ ചോദിച്ചത് ഏറെ ഹൃദയസ്പർശിയും ചിന്തോദ്ദീപകവുമായിരുന്നു.

നാം അനുഭവിക്കുന്ന സുവിശേഷസൗഭാഗ്യം ലോകം മുഴുവൻ, ആദിവാസി കോളനികളിൽ വരെ അനുഭവിക്കാൻ കഴിയുക എത്ര മഹത്തരം. ടൺ കണക്കിന് വേസ്റ്റ് പേപ്പർ, ഉപയോഗശൂന്യമായ ബുക്കുകൾ എന്നിവ ശേഖരിച്ച്, പകരം പേപ്പർ കമ്പനികളിൽ നിന്ന് ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരിച്ച് വളരെ ശ്രമകരമായ ഈ സുവിശേഷ ശുശ്രൂഷ ചെയ്യാൻ ദൈവാത്മാവിനാൽ പ്രചോദിതമായ ഫിയാത്ത് മിഷനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഫിയാത്ത് മിഷൻ ശുശ്രൂഷകരുടെ തീക്ഷ്ണതയും ചൈതന്യവും എന്നിലും ആവേശമുണർത്തി. ഒരു കൊച്ചുതുണ്ടുകടലാസുപോലും നഷ്ടപ്പെടുത്താതെ സൂക്ഷിച്ചുവെയ്ക്കാനും ചെല്ലുന്നിടത്തെല്ലാം ഈ സദ്വാർത്ത അറിയിക്കാനും ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. 6 വർഷത്തോളമായി ഞാൻ ഈ ചെറിയ പരിശ്രമം ചെയ്യാൻ തുടങ്ങിട്ട്. ഓരോ പ്രാവശ്യവും പേപ്പറുകൾ ശേഖരിച്ചു കൊടുക്കുമ്പോൾ വലിയ ആത്മീയ സന്തോഷം എനിക്ക് അനുഭവിക്കാൻ കഴിയുന്നു. സ്വന്തം മാതൃഭാഷയിൽ ദൈവവചനം ഓരോ ദൈവമക്കളിലേക്കും ഉതിർന്നുവീഴട്ടെ, ഇനിയും പുതിയ ഭാഷകളിൽ ബൈബിളുകൾ നിർമിക്കപ്പെടട്ടെ എന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.



Sr. Annie Joseph C.H.F,
Don Bosco Convent
Kodakara-Trichur



# ഒറ്റപ്പെടുന്നവരെ തിരയുക

**തീ**ർത്തും അപരിചിതമായ സാഹചര്യത്തിൽ എത്തിപ്പെടുന്ന ഒരാൾ തനിക്ക് ഏതെങ്കിലും വിധത്തിൽ സഹായം ലഭ്യമാക്കുന്ന ഏതൊരു വ്യക്തിയേയും, സംവിധാനത്തേയും ഏറെ പ്രതീക്ഷയോടെ ആശ്രയിക്കുകയും സ്നേഹിക്കുകയും ചെയ്യുമെന്നത് തീർച്ചയാണ്. യുവജനതയെ വഴിതെറ്റിക്കുന്ന ഗൂഢസംഘങ്ങൾ പലപ്പോഴും യുവാക്കളെ സമീപിക്കുന്നത്, സഹായിക്കാനെത്തുന്നവരായി ചമഞ്ഞാണ്.

എന്നാൽ മറ്റൊരു സാഹചര്യത്തിലേയ്ക്ക് പറിച്ചു നടപ്പെടുന്ന, സഹായമാവശ്യമുള്ളവരായ ലോകമെങ്ങുമുള്ള പ്രവാസികളെ സാധിക്കുന്ന തരത്തിലെല്ലാം സഹായിക്കുന്നത് ഉത്തമ ക്രിസ്തീയശൈലിയാണ്. അവരുടെ ഭൗതിക സാഹചര്യങ്ങൾ സുരക്ഷിതമാക്കാൻ സഹായിച്ചുകൊണ്ട്, അവരെ ദൈവം സ്നേഹിക്കുന്നു എന്നും, അവരുടെ രക്ഷയ്ക്കായി ദൈവം ഭൂമിയിൽ പിറന്നെന്നുമുള്ള സ്നേഹത്തിന്റെ സുവിശേഷം പങ്കുവെച്ചാൽ അത് എളുപ്പത്തിൽ സ്വീകാര്യമാകും.

ഇത് വളരെ ഫലപ്രദമായ ഒരു സുവിശേഷവത്കരണരീതിയാണ്. ഇന്ന് പ്രവാസികളായി മറുനാടുകളിൽ ജീവിതമാരംഭിക്കുന്നവരിൽ ഭൂരിഭാഗവും യുവാക്കളാണെന്നോർക്കുക. ഭൗതികവും ആത്മീയവുമായ സഹായം ആവശ്യമുള്ള പ്രവാസജീവിതാരംഭവേളയിൽ ദൈവസ്നേഹത്തിന്റെ വളക്കൂറുള്ള മണ്ണിൽ വേരുപിടിക്കപ്പെട്ട് പരിശുദ്ധാത്മാവിനാൽ അവർ നനയ്ക്കപ്പെടുന്നില്ലെങ്കിൽ തിന്മയുടെ ഉഷ്ണക്കാറ്റടിക്കുന്ന മരുഭൂമിയിലോ, മറ്റു വിഷവൃക്ഷങ്ങൾക്കിടയിലോ ആയിരിക്കും അവർ വേരുറ



പ്പിക്കുന്നത്. പിന്നീട് ഒരു പറിച്ചുനടീൽ അവരുടെ ജീവിതത്തിൽ എളുപ്പമാവില്ല.

ഫിയാത്ത്മിഷന്റെ ശുശ്രൂഷകൾ ഇത്ര വളരുന്നതിനു മുമ്പേ നമ്മുടെ നാട്ടിലെത്തുന്ന ഹിന്ദിക്കാർക്കായി ഒരു പ്രയർഗ്രൂപ്പ് ഫിയാത്ത് മിഷൻ ആരംഭിച്ചിരുന്നു. അതിനാൽത്തന്നെ പ്രവാസികളെ കരുതുന്നതും, സ്നേഹിക്കുന്നതും ഈശോയെ പങ്കുവയ്ക്കാൻ ഏറ്റവും നല്ല അവസരമാണെന്ന് നമുക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അന്യഭാഷകളിലേയ്ക്കും സംസ്ക്കാരങ്ങളിലേയ്ക്കും ഈശോയുടെ സുവിശേഷം പങ്കുവയ്ക്കാൻ ഇന്ന് ഫിയാത്ത് മിഷന് കടന്നുചെല്ലാനാകുന്നതിൽ, പ്രവാസികൾക്ക് സുവിശേഷം നൽകുന്ന ഈ ശൈലിയും ചെറുതല്ലാത്ത ഒരു പങ്ക് വഹിച്ചിട്ടുണ്ട്.

നമുക്ക് കണ്ണ് തുറന്ന് കാണാൻ ശ്രമിക്കാം. നമ്മുടെ ചുറ്റുമുള്ള പ്രവാസികളെ, അവരുടെ ആവശ്യങ്ങളെ. അത് വഴി അവരിലൊരാളുടെ ആത്മാവിനെ നാം നേടുമ്പോൾ, കാണാതായ ഒരാടിനെ തേടി കണ്ടെത്തിയപ്പോൾ അതിനെ തോളിലേറ്റി ആഹ്ലാദിച്ച നല്ല ഇടയനായ ഈശോയുടെ സ്വപ്നമാണ് പൂവണിയുന്നത്.

# Love Papyrus
## സദ്വാർത്ത എല്ലാവരും അറിയട്ടെ!

**ഇ**തുവരെ ബൈബിൾ അച്ചടിക്കാത്തതും ബൈബിൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഭാഷകളിൽ ബൈബിൾ അച്ചടിച്ചു, വില കുറച്ചും അർഹരായവർക്ക് സൗജന്യമായും വിതരണം ചെയ്യുക എന്ന പ്രവർത്തനം സ്തുത്യർഹമായ രീതിയിൽ നടത്തുന്ന ഫിയാത്ത് മിഷനുമായി സഹകരിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഒരുക്കുന്ന പ്രവർത്തനമാണ് 'Love Papyrus' 'സദ്വാർത്താ എല്ലാവരും അറിയട്ടെ'.

സ്നേഹത്തിന്റെ തിരുവചനം അച്ചടിക്കാനാവശ്യമായ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതിയാണിത്. ഒരു ലക്ഷം ബൈബിൾ അച്ചടിക്കാനാവശ്യമായ കടലാസ് രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നു. ഉപയോഗശൂന്യമായ പത്രങ്ങൾ, മാസികകൾ, നോട്ട്ബുക്കുകൾ, കാർഡ് ബോർഡുകൾ തുടങ്ങിയവ മേഖല കേന്ദ്രങ്ങളിലോ ശാഖകളിലോ എത്തിക്കുക. അവിടെ നിന്നും ഫിയാത്ത് മിഷന്റെയോ മിഷൻ ലീഗിന്റെയോ വാഹനങ്ങൾ വന്ന് അവ ശേഖരിക്കുന്ന രീതിയിൽ ആണ് ക്രമീകരണങ്ങൾ ചെയ്യുന്നത്. ഇതിനോടകംതന്നെ ധാരാളം ഇടവകകൾ പേപ്പറുകൾ ശേഖരിച്ച് തുടങ്ങിയിട്ടുണ്ട്.



**ഫാ.ഷിജു ഐക്കരക്കാനായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്
മാനന്തവാടി രൂപത

"**നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.**" (മർക്കോസ് 16:15)


**സുവിശേഷ വേലയിൽ നിങ്ങൾക്കും പങ്കാളികളാകാം**

# ഫിയാത്ത് മിഷൻ

**ലോകസുവിശേഷവത്കരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കത്തോലിക്കസഭയിലെ അത്മായമുന്നേറ്റം**

സ്വന്തമായി കത്തോലിക്കാ ബൈബിൾ ഇല്ലാത്ത 23 ഇന്ത്യൻ ഭാഷകളിലും ചില ആഫ്രിക്കൻ ഭാഷകളിലും ഫിയാത്ത് മിഷൻ ലക്ഷക്കണക്കിന് ബൈബിൾ നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇനിയും ബൈബിളുകൾ ലഭിക്കാത്തവർക്ക് അവരുടെ ഭാഷയിലുള്ള, 200 രൂപ വിലവരുന്ന ബൈബിൾ സൗജന്യമായി നൽകുന്ന ഫിയാത്ത് മിഷന്റെ ബൈബിൾ വിതരണ പദ്ധതികളിൽ പരിശുദ്ധാത്മപ്രേരണ അനുസരിച്ച് സഹകരിക്കാവുന്നതാണ്.

ഇന്ത്യൻ ഭാഷകൾക്കു പുറമേ 48 ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്കും ബൈബിൾ നിർമിച്ചു നൽകാനുള്ള വാതിൽ കർത്താവ് ഫിയാത്ത് മിഷനു മുന്നിൽ തുറന്നിട്ടിരിക്കുകയാണ്. മാസം 10 ലക്ഷം ബൈബിൾ നിർമിച്ചു വിതരണം ചെയ്യുകയെന്ന സ്വപ്നം പൂവണിയാൻ, അതിവിപുലമായ പുതിയ ബൈബിൾ പ്രിന്റിംഗ് പ്രസ്സിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഏവരുടെയും നിർലോഭമായ സഹകരണവും പ്രാർത്ഥനയും യാചിക്കുന്നു.



## ഫിയാത്ത് മിഷൻ ബൈബിൾ വിതരണ പദ്ധതി




Sponsor Bibles
Be a Missionary

**മാസത്തിൽ 1 ബൈബിൾ**
വരിസംഖ്യ ഒരു വർഷത്തേയ്ക്ക്– ₹ 2400

**ആഴ്ചയിൽ 1 ബൈബിൾ**
വരിസംഖ്യ ഒരു വർഷത്തേയ്ക്ക്– ₹ 10,400

**ദിവസത്തിൽ 1 ബൈബിൾ**
വരിസംഖ്യ ഒരു വർഷത്തേയ്ക്ക്– ₹ 73,000

നിങ്ങൾക്ക് ദൈവം അനുഗ്രഹങ്ങൾ നൽകുന്ന അവസരങ്ങളിൽ നന്ദിസൂചകമായി ബൈബിളുകൾ സമ്മാനമായി നൽകാമോ?

JESUS

9961550000

fiatmission

You can also send your amount by DD or Cheque favouring Fiatmission **FiatMission, Ave Maria Tower, New Church Road, Thrissur – 680001**

# ഫിയാത്ത്മിഷൻ

ലോകസുവിശേഷവത്കരണം ലക്ഷ്യംവെച്ചുകൊണ്ടുള്ള കത്തോലിക്കാസഭയിലെ ഒരു അത്മായമുന്നേറ്റം.

## എങ്ങനെ പണമയയ്ക്കാം?

ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷയ്ക്കുള്ള ധനസഹായം താഴെപ്പറയുന്ന രീതികളിൽ അയയ്ക്കാവുന്നതാണ്.

### 1. ചെക്ക്/ഡ്രാഫ്റ്റ്

ചെക്കും ഡ്രാഫ്റ്റും FIATMISSION -ന്റെ പേരിലാണ് എടുക്കേണ്ടത്.

### 2. DIRECT BANK TRANSFER / NEFT/RTGS / ONLINE BANKING

ഇപ്രകാരം പണം അയയ്ക്കുന്നവർക്ക് താഴെപ്പറയുന്ന എതെങ്കിലും ഒരു അക്കൗണ്ടിൽ പണം അടയ്ക്കാവുന്നതാണ്.

### 3. മണിഓർഡർ

മണിഓർഡർ മുഖേനയും നിങ്ങൾക്കു പണം അയയ്ക്കാവുന്നതാണ്.

## പണം അയച്ചതിനു ശേഷം എന്തുചെയ്യണം?

മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു രീതിയിൽ പണമടച്ചതിനുശേഷം താഴെപ്പറയുന്ന വിവരങ്ങൾ ഫോണിലൂടെയോ ഇ-മെയിലിലൂടെയോ കത്തിലൂടെയോ ഞങ്ങളെ അന്ന് തന്നെ അറിയിക്കേണ്ടതാണ്.

✔ പണം അയച്ച ആളിന്റെ പേര്. അഡ്രസ്സ്, TRANSACTION/REFERENCE ID. ✔ TRANSACTION DATE. ✔ പണം അയച്ചത് ഫിയാത്ത്മിഷന്റെ ഏത് A/C യിലേക്ക് ✔ ഫിയാത്തിന്റെ എന്ത് ആവശ്യത്തിനാണ് പണം അയച്ചത് (PURPOSE).

എഴുത്തിനോടൊപ്പം DEPOSIT SLIP -ന്റെ കോപ്പികൂടി അയച്ചുതരിക.

## STANDING INSTRUCTION

എല്ലാ മാസവും പതിവായി ഫിയാത്ത്മിഷനിലേയ്ക്ക് സാമ്പത്തികസഹായം ബാങ്ക് വഴി അയയ്ക്കാനായി ബാങ്കിൽ **STANDING INSTRUCTION** നൽകാവുന്നതാണ്. ഇതുവഴി നിങ്ങളുടെ വിലപ്പെട്ടസമയം ചെലവഴിക്കാതെ തന്നെ എല്ലാമാസവും കൃത്യമായി നിർദ്ദേശിക്കപ്പെട്ട തുക ഫിയാത്ത് മിഷനിലേയ്ക്ക് മാറ്റപ്പെടുന്നതാണ്.


FIATMISSION Ave Maria tower,
New Church Road, Thrissur-01, Ph: +91 9961550000,
fiatmission.org email: fiatxtn@gmail.com


| A/C NAME | BANK NAME | ACCOUNT NO: | SWIFT CODE IFSC CODE |
|---|---|---|---|
| FIATMISSION | SOUTH INDIAN BANK EAST FORT, THRISSUR 680 005 | **0368 0730 0000 0759** CURRENT A/C | SWIFT: SOININ 55, IFSC: SIBL 0000368 |
| FIATMISSION | STATE BANK OF INDIA EAST FORT, THRISSUR 680 005 | **3462 4149 962** CURRENT A/C | IFSC: SBIN0009121 |
| FIATMISSION | FEDERAL BANK EAST FORT, THRISSUR 680 005 | **1272 02 0000 5600** CURRENT A/C | SWIFT: FDRLINBBIBD IFSC: FDRL0001272 |
| FIATMISSION | CATHOLIC SYRIAN BANK EAST FORT, THRISSUR 680 005 | **0299 0350 0862 195001** CURRENT A/C | IFSC: CSBK0000299 |
| FIATMISSION | KOTAK MAHINDRA BANK M.G. ROAD, WEST FORT, THRISSUR- 680 004 | **1712 486441** SB A/C | IFSC: KKBK0000596 |

മിഷനെ അറിയാൻ
മിഷനെ സ്നേഹിക്കാൻ
മിഷനെ വളർത്താൻ

വത്തിക്കാൻ
പ്രതിനിധി
പങ്കെടുക്കുന്നു

# 4th ജിജിഎം (ഗ്രേറ്റ് ഗാതറിംഗ് ഓഫ് മിഷൻ)
# അന്തർദേശീയ
# മിഷൻ കോൺഗ്രസ്

## 2020 ഏപ്രിൽ 24-26

ക്രൈസ്റ്റ് നഗർ, തൃശ്ശൂർ

- മിഷൻ എക്സിബിഷൻ
- മിഷൻ ധ്യാനം
- മിഷൻ ഗാതറിംഗ്സ്

Printed and Published by Ceetly George, FIATMISSION, C-24/B, 2nd Floor, Pancheelvihar, New Delhi - 17
Printed at FIAT Bible Printers, Angamali